# തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ

## കൗൺസിൽ മീറ്റിംഗ് മിനുട്സ്

03-02-2026 തീയതിയിലെ 3/2026 നമ്പർ നോട്ടീസ് പ്രകാരം 07-02-2026 തീയതി 11:10 AM മണിക്ക് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ ഹാളിൽ ചേർന്ന തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലിന്റെ സാധാരണ യോഗത്തിന്റെ ഹാജരും നടപടിക്രമവും തീരുമാനങ്ങളും.

**യോഗാദ്ധ്യക്ഷൻ :** Dr Niji Justin Mayor

**ഹാജർ**

1. Raghunath C Menon (വാർഡ് - 1 പൂങ്കുന്നം)
2. Anjali U Menon (വാർഡ് - 2 കുട്ടൻകുളങ്ങര)
3. Krishnamohan A V (വാർഡ് - 3 പാട്ടുരായ്ക്കൽ)
4. Arun Thadathil (വാർഡ് - 4 വിയ്യൂർ)
5. Sari Kishore (വാർഡ് - 5 പെരിങ്ങാവ്)
6. T R Hiran (വാർഡ് - 6 രാമവർമ്മപുരം)
7. Shibu Poruthur (വാർഡ് - 7 കുറ്റുമുക്ക്)
8. Sindhu Thaikkadan (വാർഡ് - 8 വില്ലടം)
9. Adv Villi Jijo (വാർഡ് - 9 ചേറൂർ)
10. Adv Subi Babu (വാർഡ് - 10 ഗാന്ധിനഗർ)
11. Syamala Muraleedharan (വാർഡ് - 11 മുക്കാട്ടുക്കര)
12. Sintomol Sojan (വാർഡ് - 12 നെട്ടിശ്ശേരി)
13. Neethu K (വാർഡ് - 13 മുല്ലക്കര)
14. Adv Anees Ahammad T A (വാർഡ് - 14 മണ്ണുത്തി)
15. K Gopalakrishnan (വാർഡ് - 15 ഒല്ലുക്കര)
16. Sowmya Pradeesh (വാർഡ് - 16 കൃഷ്ണാപുരം)
17. T R Santhosh (വാർഡ് - 18 ചേലക്കോട്ടുക്കര)
18. M L Rosy (വാർഡ് - 19 കാളത്തോട്)
19. Jees George (വാർഡ് - 20 പറവട്ടാനി)
20. Dr Niji Justin (വാർഡ് - 21 കിഴക്കുംപ്പാട്ടുക്കര)
21. Adv Joy Bastian (വാർഡ് - 22 ചെമ്പൂക്കാവ്)
22. Baiju Varghese (വാർഡ് - 23 മിഷൻക്വാർട്ടേഴ്സ്)
23. Shomy Francis (വാർഡ് - 24 കുരിയച്ചിറ)
24. Mercy Aji (വാർഡ് - 25 വളർക്കാവ്)
25. Smitha Aneesh (വാർഡ് - 26 അഞ്ചേരി)

26. Praveenlal (വാർഡ് - 27 പടവരാട്)

27. Pauly Jose (വാർഡ് - 28 ഒല്ലൂർ സെന്റർ)

28. Reshmi Unnikrishnan (വാർഡ് - 29 എടക്കുന്നി)

29. Dr Keerthana Karthikeyan (വാർഡ് - 30 തൈക്കാട്ടുശ്ശേരി)

30. Karoli Joshwa (വാർഡ് - 31 ഒല്ലൂർ)

31. Limna Manoj (വാർഡ് - 32 ചിയ്യാരം)

32. Raphy Jose Kutty Raphy (വാർഡ് - 33 ചിയ്യാരം സൗത്ത്)

33. Jacob Pulikottil (വാർഡ് - 34 കുരിയച്ചിറ വെസ്റ്റ്)

34. Mumdas Chinju (വാർഡ് - 35 കണ്ണംകുളങ്ങര)

35. Vinod Krishna (വാർഡ് - 38 കോട്ടപ്പുറം)

36. P Sukumaran (വാർഡ് - 39 പൂത്തോൾ)

37. Vinshy Arunkumar (വാർഡ് - 40 കൊക്കാല)

38. Sijith M S (വാർഡ് - 41 വടൂക്കര)

39. AMBILY C M (വാർഡ് - 42 കൂർക്കഞ്ചേരി)

40. Padmini Shaji (വാർഡ് - 43 കണിമംഗലം)

41. Sheena Chandran (വാർഡ് - 44 പനമുക്ക്)

42. Princy Rojan (വാർഡ് - 45 നെടുപുഴ)

43. K Sumesh (വാർഡ് - 46 കാര്യാട്ടുക്കര)

44. Lali James (വാർഡ് - 47 ലാലൂർ)

45. Vibhitha Vasu (വാർഡ് - 48 അരണാട്ടുകര)

46. Sunitha Vinod (വാർഡ് - 49 കാനാട്ടുകര)

47. Valsala Baburaj (വാർഡ് - 50 അയ്യന്തോൾ)

48. A Prasad (വാർഡ് - 51 സിവിൽ സ്റ്റേഷൻ)

49. Sajan C George (വാർഡ് - 52 ഒളരി)

50. Shaju Kundoly (വാർഡ് - 53 എൽതുരുത്ത്)

51. Baburaj E S (വാർഡ് - 54 ചേറ്റുപുഴ)

52. Sunitha Vinu (വാർഡ് - 55 പുല്ലഴി)

53. Maphy Delson (വാർഡ് - 56 പുതൂർക്കര)

**നടപടിക്രമം**

ബഹു.മേയറുടെ അദ്ധ്യക്ഷതയിൽ യോഗം 11.10 ആരംഭിച്ചു. കഴിഞ്ഞ കൌൺസിൽ യോഗത്തിനു ശേഷം മരണമടഞ്ഞവർക്കും , കൊമ്പ് കലാകാരനായ ശ്രീ. ചൊവ്വന്നൂർ മച്ചാട് രാമകൃഷ്ണൻ നായർ എന്നവരുടെ നിര്യാണത്തിലും കൌൺസിൽ അനുശോചനം രേഖപ്പെടുത്തി. പൊതു ചർച്ചയിൽ കൌൺസിലർമാരായ ശ്രീ.ടി . ആർ ഹിരൺ , ശ്രീ.ജീസ് ജോർജ്ജ് , ശ്രീ ഷാജു കുണ്ടോളി , ശ്രീ .സിജിത്ത് , ശ്രീമതി ലാലി ജെയിംസ് , കുമാരി എം. എൽ റോസി , ശ്രീ . അഡ്വ. അനീസ് അഹമ്മദ് , ശ്രീ. രഘുനാഥ് സി മേനോൻ , ശ്രീ .ബൈജു വർഗ്ഗീസ് ,ശ്രീ .കെ സുമേഷ് , ശ്രീ പി സുകുമാരൻ , ശ്രീ .കൃഷ്ണമോഹൻ , ശ്രീമതി .മുംദാസ് ചിഞ്ചു, അഡ്വ.വില്ലി ജിജോ , ശ്രീ . ടി ആർ . സന്തോഷ് , ശ്രീമതി . മേഫി ഡെൽസൺ , ശ്രീമതി. ലിംന മനോജ് , ഡെപ്യൂട്ടി മേയർ ശ്രീ. എ. പ്രസാദ് എന്നിവർ പങ്കെടുത്തു പൊതു ചർച്ചയിൽ ഉന്നയിച്ച വിഷയങ്ങൾ

വളരെ ഗൌരപൂർവ്വം കാണുന്നുവെന്നും ആയത് പരിശോധിച്ച് വേണ്ട നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണെന്നും ബഹു.മേയർ അറിയിച്ചു.

## അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങൾ

1. **തൃശൂർ മുനിസിപ്പൽ കോർപ്പറേഷൻ - നഗരാസൂത്രണ വിഭാഗം - ഒല്ലൂക്കര വില്ലേജിൽ സർവ്വേ നമ്പർ 489 ൽ ഉൾപ്പെടുന്ന 5 കുടുംബങ്ങളുടെ - പട്ടയം അപേക്ഷ - സംബന്ധിച്ച്.**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ഒല്ലൂർ വില്ലേജിൽ സർവ്വേ നമ്പർ 489 ൽ ഉൾപ്പെടുന്ന 5 കുടുംബങ്ങളുടെ പട്ടയം നൽകുന്നതിനു വേണ്ടി തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിൽ നിന്ന് നിരാക്ഷേപ സാക്ഷ്യപത്രത്തിന് വേണ്ടി തൃശ്ശൂർ തഹസിൽദാരുടെ 09/12/2025 തിയ്യതിലെ TLKTSR/5994/2023/H2 നമ്പർ കത്ത് ബഹു. കൌൺസിൽ പരിഗണനയ്ക്ക്.
1)കാർത്ത്യായനി
തൃശ്ശൂർ കോർപ്പറേഷൻ ഒല്ലുക്കര വില്ലജ് സർവ്വേ നമ്പർ 489 യിൽ 1.90 Aresഉൾപ്പെട്ട സ്ഥലം 14 ഡിവിഷൻ ലെ സുഭാഷ് നഗർ കോളനിയിലെ revenue പുറമ്പോക്കിൽ പെട്ട സ്ഥലമാണ്, അപേക്ഷകയായ കാർത്യായനി വെള്ളങ്കല്ലുക്കാരൻ 1997 മുതൽ കൈവശം വച്ച് വരുന്നതായി revenue വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള വീട് ഏകദേശം 26.07m2 Area വരുന്നുണ്ട് ,വീട് നമ്പർ ലഭ്യമല്ല
1 )ടി ഭൂമി തൃശൂർ corporation ന്റെ മറ്റു വികസനങ്ങൾക്ക് ആവശ്യമായി വരുന്നില്ല
2 )ടിയാന് സ്വന്തമായി മറ്റു ഭൂമികൾ ഉണ്ടോ എന്ന് കണ്ടെത്താൻ സാധിച്ചിട്ടില്ല , ആയതിനു revenue വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.
3 )ടി വിഷയത്തിൽ 489 സർവ്വേ നമ്പർ ഭൂമി അളന്നു തിട്ടപെടുത്തി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ പരിശോധിച്ചു ബഹു ;തൃശൂർ corporation കൌൺസിൽ മുൻപാകെ സമർപ്പിക്കാവുന്നതും, തുടർന്ന് revenue വകുപ്പിലക്ക് പുനർ നിക്ഷിപ്തമാക്കുന്നതിനുമുള്ള കൌൺസിൽ തീരുമാനം ലഭ്യമാകുന്ന മുറക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ് എഞ്ചീനിയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്യതിട്ടുണ്ട്.
(2)സദ്ധീർ
.....................
തൃശ്ശൂർ corporationഒല്ലുക്കര വില്ലജ് സർവ്വേ നമ്പർ 489 ഇൽ 1.21 Aresഉൾപ്പെട്ട സ്ഥലം 14 ഡിവിഷൻ ലെ സുഭാഷ് നഗർ കോളനിയിലെ revenue പുറമ്പോക്കിൽ പെട്ട സ്ഥലമാണ് ,അപേക്ഷകനായ സദ്ധീർ കറുപ്പം വീട്ടിൽ 2001 മുതൽ കൈവശം വച്ച് വരുന്നതായി revenue വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ,നിലവിലുള്ള വീട് ഏകദേശം 35 m2 Area വരുന്നുണ്ട് ,വീട് നമ്പർ ലഭ്യമല്ല
1 )ടി ഭൂമി തൃശൂർ കോർപ്പറേഷൻ ന്റെ മറ്റു വികസനങ്ങൾക്ക് ആവശ്യമായി വരുന്നില്ല
2 )ടിയാന് സ്വന്തമായി മറ്റു ഭൂമികൾ ഉണ്ടോ എന്ന് കണ്ടെത്താൻ സാധിച്ചിട്ടില്ല ,ആയതിനു revenue വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്
3 )ടി വിഷയത്തിൽ 489 സർവ്വേ നമ്പർ ഭൂമി അളന്നു തിട്ടപെടുത്തി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ പരിശോധിച്ചു ബഹു ;തൃശൂർ corporation കൌൺസിൽ മുൻപാകെ സമർപ്പിക്കാവുന്നതും ,തുടർന്ന് revenue വകുപ്പിലക്ക് പുനർ നിക്ഷിപ്തമാക്കുന്നതിനുമുള്ള കൌൺസിൽ തീരുമാനം ലഭ്യമാകുന്ന മുറക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ് ,എഞ്ചീനിയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്യതിട്ടുണ്ട്.
.
(3)സുഭാഷ്,രേഖ
..................................
തൃശ്ശൂർ corporationഒല്ലുക്കര വില്ലജ് സർവ്വേ നമ്പർ 489 ഇൽ 1.68 Aresഉൾപ്പെട്ട സ്ഥലം 14 ഡിവിഷൻ ലെ സുഭാഷ് നഗർ കോളനിയിലെ revenue പുറമ്പോക്കിൽ പെട്ട സ്ഥലമാണ് ,അപേക്ഷകരായ സുഭാഷ് ,രേഖ സുഭാഷ് ,അയ്യത് ഹൌസ് എന്നവർ 2004 മുതൽ കൈവശം വച്ച് വരുന്നതായി revenue വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ,നിലവിലുള്ള വീട്ഏകദേശം 267.30 m2 Area വരുന്നുണ്ട് ,വീട് നമ്പർ ലഭ്യമല്ല
1 )ടി ഭൂമി തൃശൂർ corporation ന്റെ മറ്റു വികസനങ്ങൾക്ക് ആവശ്യമായി വരുന്നില്ല
2 )ടിയാന് സ്വന്തമായി മറ്റു ഭൂമികൾ ഉണ്ടോ എന്ന് കണ്ടെത്താൻ സാധിച്ചിട്ടില്ല
,ആയതിനു revenue വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്
3 )ടി വിഷയത്തിൽ 489 സർവ്വേ നമ്പർ ഭൂമി അളന്നു തിട്ടപെടുത്തി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ പരിശോധിച്ചു ബഹു ;തൃശൂർ corporation കൌൺസിൽ മുൻപാകെ സമർപ്പിക്കാവുന്നതും ,തുടർന്ന് revenue വകുപ്പിലക്ക് പുനർ നിക്ഷിപ്തമാക്കുന്നതിനുമുള്ള കൌൺസിൽ തീരുമാനം ലഭ്യമാകുന്ന മുറക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ് ,എഞ്ചീനിയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്യതിട്ടുണ്ട്.
(4)നുസൈബ
............................
തൃശ്ശൂർ കോർപ്പറേഷൻ ഒല്ലുക്കര വില്ലജ് സർവ്വേ നമ്പർ 489 ഇൽ 1.92 Aresഉൾപ്പെട്ട സ്ഥലം 14 ഡിവിഷൻ ലെ സുഭാഷ് നഗർ കോളനിയിലെ revenue പുറമ്പോക്കിൽ പെട്ട സ്ഥലമാണ് ,അപേക്ഷകയായ നുസൈബ വലിയകത്ത് ഹൌസ് എന്നയാൾ 2004 മുതൽ കൈവശം വച്ച് വരുന്നതായി revenue വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ,നിലവിലുള്ള വീട്ഏകദേശം 57.68 m2 Area വരുന്നുണ്ട് ,വീട് നമ്പർ ലഭ്യമല്ല .
1 )ടി ഭൂമി തൃശൂർ corporation ന്റെ മറ്റു വികസനങ്ങൾക്ക് ആവശ്യമായി വരുന്നില്ല

2 )ടിയാന് സ്വന്തമായി മറ്റു ഭൂമികൾ ഉണ്ടോ എന്ന് കണ്ടെത്താൻ സാധിച്ചിട്ടില്ല ,ആയതിനു revenue വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്
3 )ടി വിഷയത്തിൽ 489 സർവ്വേ നമ്പർ ഭൂമി അളന്നു തിട്ടപെടുത്തി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ പരിശോധിച്ചു ബഹു ;തൃശൂർ corporation കൌൺസിൽ മുൻപാകെ സമർപ്പിക്കാവുന്നതും ,തുടർന്ന് revenue വകുപ്പിലക്ക് പുനർ നിക്ഷിപ്തമാക്കുന്നതിനുമുള്ള കൌൺസിൽ തീരുമാനം ലഭ്യമാകുന്ന മുറക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ് ,എഞ്ചിനിയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്യതിട്ടുണ്ട്.
(5 )ജാസ്മിൻ
.....................
തൃശ്ശൂർ corporationഒല്ലുക്കര വില്ലജ് സർവ്വേ നമ്പർ 489 ഇൽ 1.21 Aresഉൾപ്പെട്ട സ്ഥലം 14 ഡിവിഷൻ ലെ സുഭാഷ് നഗർ കോളനിയിലെ revenue പുറമ്പോക്കിൽ പെട്ട സ്ഥലമാണ് ,അപേക്ഷകയായ ജാസ്മിൻ പുതിയവീട്ടിൽ 2007 മുതൽ കൈവശം വച്ച് വരുന്നതായി revenue വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ,നിലവിലുള്ള വീട് ഏകദേശം 59.94 m2 Area വരുന്നുണ്ട് ,വീട് നമ്പർ ലഭ്യമല്ല
1 )ടി ഭൂമി തൃശൂർ കോർപ്പറേഷൻ ന്റെ മറ്റു വികസനങ്ങൾക്ക് ആവശ്യമായി വരുന്നില്ല
2 )ടിയാന് സ്വന്തമായി മറ്റു ഭൂമികൾ ഉണ്ടോ എന്ന് കണ്ടെത്താൻ സാധിച്ചിട്ടില്ല ,ആയതിനു revenue വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്
3 )ടി വിഷയത്തിൽ 489 സർവ്വേ നമ്പർ ഭൂമി അളന്നു തിട്ടപെടുത്തി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ പരിശോധിച്ചു ബഹു ;തൃശൂർ corporation കൌൺസിൽ മുൻപാകെ സമർപ്പിക്കാവുന്നതും ,തുടർന്ന് revenue വകുപ്പിലക്ക് പുനർ നിക്ഷിപ്തമാക്കുന്നതിനുമുള്ള കൌൺസിൽ തീരുമാനം ലഭ്യമാകുന്ന മുറക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ് ,എഞ്ചിനിയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്യതിട്ടുണ്ട്.

ഫയൽ നമ്പർ : 6636055-2025

2. **തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ശക്തൻ നഗർ ഏരിയയുടെ ലോക്കൽ ഏരിയ പ്ലാൻ (LAP) തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പുതിയ സ്പെഷ്യൽ കമ്മിറ്റി - സംബന്ധിച്ച്**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ശക്തൻ നഗർ ഏരിയയുടെ ലോക്കൽ പ്ലാൻ (LAP) തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് രൂപികരിച്ച പുതിയ സ്പെഷ്യൽ കമ്മിറ്റി അംഗങ്ങൾ ബഹു.കൌൺസിലിന്റെ അംഗീകാരത്തിനായി
1.ശ്രീമതി. Dr.നിജി ജസ്റ്റിൻ, മേയർ
2.ശ്രീ. എ. പ്രസാദ്, ഡെപ്യുട്ടി മേയർ
3.ശ്രീ. T.R.സന്തോഷ്, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
4.ശ്രീമതി.വില്ലി വിജോ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
5.ശ്രീ.ജേക്കബ് പുലിക്കോട്ടിൽ,ക്ഷേമകാര്യ സ്റ്റാന്ടിംഗ് കമ്മിറ്റി ചെയർമാൻ
6.ശ്രീമതി.വിൻഷി അരുൺകുമാർ, കൌൺസിലർ
7.ശ്രീമതി.പൂർണ്ണിമ സുരേഷ്,കൌൺസിലർ
8.ശ്രീമതി.മുംതാസ്,കൌൺസിലർ
9.ശ്രീ.ഹിരൺ,കൌൺസിലർ
10.ശ്രീ.രഘുനാഥ്.സി .മേനോൻ, കൌൺസിലർ
11.ശ്രീ.ഷിബു.വി.പി, സെക്രട്ടറി
12.ശ്രീമതി.ഷൈബി ജോർജ്, സൂപ്രണ്ടിംഗ് എഞ്ചിനീയർ
13.ജില്ലാ ടൌൺ പ്ലാനർ
14.അസി.ടൌൺ പ്ലാനർ
15.ഡെപ്യുട്ടി ടൌൺ പ്ലാനർ
16.ശ്രീ.മഹേന്ദ്ര പി.എ,, അസി എഞ്ചിനീയർ

ഫയൽ നമ്പർ : 1951557-2024

3. **തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ശക്തൻ നഗർ ഏരിയയുടെ ലോക്കൽ ഏരിയ പ്ലാൻ (LAP) തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സർവേ നടത്തുന്നത്- ULCCS ഒഴിവാക്കുന്നതും പുതിയ നിർവഹണ ഏജൻസിയെ നിയോഗിക്കുന്നതും- സംബന്ധിച്ച്**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ശക്തൻ നഗർ ഏരിയയുടെ ലോക്കൽ ഏരിയ പ്ലാൻ (LAP) തയ്യാറാക്കുന്നതുമായി നിലവിൽ സർവേ നടത്തുന്ന ULCCS നെ ഒഴിവാക്കുന്നതും പുതിയ നിർവഹണ ഏജൻസിയെ നിയോഗിക്കുന്നതും സംബന്ധിച്ച തീരുമാനത്തിനുമായി ബഹു.കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.
**കുറിപ്പ്:**
തൃശ്ശൂർ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ 24/01/2026 തിയതിയിലെ LSGD/JD/TSR/6071/2023 N2 ULCCS ക്ക് നൽകിയ നമ്പർ കത്തു പ്രകാരം ചീഫ് ടൌൺപ്ലാനർ അംഗീകരിച്ച പ്രകാരം തൃകക്ഷി ഉടമ്പടിയിൽ ഏർപ്പെടാത്തതിന്റെ കാരണവും, സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ളതും ചീഫ് ടൌൺ പ്ലാനർ കരട് ഉടമ്പടിയിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതുമായ IKM മേൽനോട്ടത്തിലുള്ള നിബന്ധന തൃകക്ഷി ഉടമ്പടിയിൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല എന്ന് ULCCS ൻറെ പ്രതിനിധികൾ വാക്കാൽ അറിയിച്ചിരുന്നതിനാലും ULCCS ന് നൽകിയിട്ടുള്ള വർക്ക് ഓർഡർ റദ്ദാക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ ചീഫ് ടൌൺ പ്ലാനർ തൃശൂർ ജില്ലാ

ടൌൺപ്ലാനറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റദ്ദാക്കാതിരിക്കാനുള്ള കാരണം ബോധിപ്പിക്കുവാൻ മേൽപ്പറയുന്ന കത്തിലൂടെ ആവശ്യപ്പെട്ടിട്ടുള്ളതുമാണ്.

ഫയൽ നമ്പർ : 1951557-2024

## സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ

1. **വിഷയം**

   17-01-2026 തീയതിയിലെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ.

   **തീരുമാനം**

   1. തീരുമാനങ്ങൾ വായിച്ചു രേഖപ്പെടുത്തി

2. **വിഷയം**

   22-01-2026 തീയതിയിലെ മരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ.

   **തീരുമാനം**

   1. തീരുമാനങ്ങൾ വായിച്ചു രേഖപ്പെടുത്തി

3. **വിഷയം**

   27-01-2026 തീയതിയിലെ വിദ്യാഭ്യാസ കായിക കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ.

   **തീരുമാനം**

   1. തീരുമാനങ്ങൾ വായിച്ചു രേഖപ്പെടുത്തി

4. **വിഷയം**

   27-01-2026 തീയതിയിലെ നഗരാസൂത്രണകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ.

   **തീരുമാനം**

   1. തീരുമാനങ്ങൾ വായിച്ചു രേഖപ്പെടുത്തി

## വിഷയങ്ങൾ

5. **വിഷയം (ഫയൽ നമ്പർ - 94493-2026)**

   തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷന്റെ 2025-26 സാമ്പത്തിക വർഷത്തെ നിലവിലെ വരവു ചിലവ് കണക്കുകളുടെ ഒരു സംക്ഷിപ്ത വിവരണം കൌൺസിലിന്റെ അറിവിലേക്കായി

   **തീരുമാനം**

   1. തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷന്റെ 2025-26 സാമ്പത്തിക വർഷത്തെ നിലവിലെ വരവു ചിലവ് കണക്കുകളുടെ ഒരു സംക്ഷിപ്ത വിവരണം കൌൺസിൽ വായിച്ചു രേഖപ്പെടുത്തി .

6. **വിഷയം (ഫയൽ നമ്പർ - 3156353-2025)**

   തൃശ്ശൂർ കോർപ്പറേഷൻ-മരാമത്ത് വിഭാഗം-വൈദ്യുതി വിഭാഗത്തിലേക്ക് 5 കോടി രൂപ കടമായി നൽകിയത് തിരികെ ലഭിച്ചിട്ടില്ലാത്തത്-സംബന്ധിച്ച്

**ചർച്ച**

Krishnamohan A V വാർഡ് - 3 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Raghunath C Menon വാർഡ് - 1 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Padmini Shaji വാർഡ് - 43 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Vinshy Arunkumar വാർഡ് - 40 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Vinod Krishna വാർഡ് - 38 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Mumdas Chinju വാർഡ് - 35 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിന് ( TCED ) KSEB ക്ക് വൈദ്യുതി ചാർജ് അടവാക്കുന്നതിലേക്കുള്ള ഫണ്ടിന്റെ അപര്യാപ്തത പരിഹരിക്കുന്നതിന് 5 കോടി രൂപ കടമായി നൽകുന്നതിന് അസിസ്റ്റന്റ് സെക്രട്ടറി TCED ആവശ്യം ഉന്നയിച്ചത് പ്രകാരം മേൽ തുക 10 ദിവസത്തേക്ക് താത്കാലിക മുൻകൂർ ആയി നല്കുന്നതിന് അനുമതി നൽകിയിരുന്നു. ഇതു പ്രകാരം TCED അസിസ്റ്റന്റ് സെക്രട്ടറിയുടെ പേരിൽ 5 കോടി രൂപ അനുവദിച്ചു നല്കിയിട്ടുള്ളതാണ്. 10 ദിവസത്തിനകം തിരിച്ചടക്കുന്നതിനുള്ള നിർദ്ദേശത്തോടെയാണ് 22.09.2025 തീയ്യതിയിൽ 5 കോടി രൂപ മുൻകൂർ അനുവദിച്ചിരുന്നത്. അനുവദിച്ച സമയ പരിധിക്കു ശേഷവും തുക തിരികെ അടവാക്കാത്തതാണ് ആയത് അടിയന്തിരമായി തനതു ഫണ്ടിലേക്ക് ഒടുക്കുന്നതിന് TCED അസിസ്റ്റന്റ് സെക്രട്ടറിയോട് നിർദ്ദേശിക്കുന്നതിന് ഭൂരിപക്ഷ തീരുമാന പ്രകാരം തീരുമാനിച്ചു.

7. **വിഷയം (ഫയൽ നമ്പർ - 6420625-2025)**

തൃശൂർ കോർപറേഷൻ- ആരോഗ്യവിഭാഗം - സാനിറ്റേഷൻ ജീവനക്കാരുടെ സമയബന്ധിത ഹയർഗ്രേഡിന് അംഗീകാരം ലഭ്യമാക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശൂർ കോർപറേഷൻ- ആരോഗ്യവിഭാഗം - ശക്തൻ സർക്കിളിലെ സാനിറ്റേഷൻ വർക്കറായി **01-07-1999** ൽ ജോലിയിൽ പ്രവേശിച്ച ശ്രീ.അശോകൻ.എം.ആർ എന്നവരുടെ സേവനം പരിഗണിച്ച് 15, 22 വർഷങ്ങളിലെ സമയബന്ധിത ഹയർഗ്രേഡ് താഴെ പറയുന്നത് പ്രകാരം അനുവദിക്കുന്നതിന് തീരുമാനിച്ചു.
പേര് : **ശ്രീ. അശോകൻ.എം.ആർ ( ശക്തൻ സർക്കിൾ)**
1) **15 വർഷത്തെ** ഹയർഗ്രേഡ് ഓപ്ഷൻ തിയതി : **9/12/2016**
ഓപ്ഷൻ തിയതിയിലെ അടിസ്ഥാന ശമ്പളം : 27800 ( 17500- 39500 )
ഹയർഗ്രേഡിൽ നിജപ്പെടുത്തിയ അടിസ്ഥാന ശമ്പളം : 29200 ( 18000-41500 )
2) **22 വർഷത്തെ** ഹയർഗ്രേഡ് ഓപ്ഷൻ തിയതി : **03/07/2024**
ഓപ്ഷൻ തിയതിയിലെ അടിസ്ഥാന ശമ്പളം : 49000 ( 25100- 57900 )
ഹയർഗ്രേഡിൽ നിജപ്പെടുത്തിയ അടിസ്ഥാന ശമ്പളം : 51400( 26500- 60700 )

8. **വിഷയം (ഫയൽ നമ്പർ - 2727695-2024)**

തൃശൂർ കോർപറേഷനിൽ നിന്നും സൂപ്രണ്ട് തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി. രാജലക്ഷ്മി എം വി എന്നവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച്.

**തീരുമാനം**

1. **തൃശൂർ മുനിസിപ്പൽ കോർപ്പറേഷനിലെ സൂപ്രണ്ട് തസ്തികയിൽ നിന്നും 31.05.2025ൽ റിട്ടയർ ചെയ്ത ശ്രീമതി. രാജലക്ഷ്മി എം വി , എന്നവർക്ക് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും അനുവദിച്ച് കൊണ്ട് ,തദ്ദേശ സ്വയംഭരണ**

**വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 19-11-2025 തീയതിയിലെ LSGD/PD/26785/2025-PEN-A4 നമ്പർ പ്രകാരം ഉത്തരവ് നടപടികൾ പുറപ്പെടുവിച്ചിട്ടുള്ളതാണ് ആയതുപ്രകാരം ടിയാരിയ്ക്ക് പെൻഷനും, പെൻഷൻ ആനുകൂല്യങ്ങളും നിയാമാനുസൃതം താഴെ പറയുന്നത് പ്രകാരം അനുവദിക്കുന്നതിന് തീരുമാനിച്ചു.**
**1.അടിസ്ഥാന പെൻഷൻ -22257 + DR (01.06.2025)**
**2.DCRG -7,67,855/-**
**3.PENSION COMMUTATION - 11,85,747/-**
**4.PENSION AFTER COMMUTATION - 13,355/-**
**5.FAMILY PENSION (NORMAL RATE ) - 18210/-**

9. **വിഷയം (ഫയൽ നമ്പർ - 857123-2024)**

തൃശ്ശൂർ കോർപ്പറേഷൻ-പൊതുഭരണ വിഭാഗം-ഹോണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഓവർസിയറുടെ കാലാവധി ദീർഘിപ്പിക്കുന്നത്-സംബന്ധിച്ച്

**ചർച്ച**

Raghunath C Menon വാർഡ് - 1 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Krishnamohan A V വാർഡ് - 3 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Padmini Shaji വാർഡ് - 43 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Vinshy Arunkumar വാർഡ് - 40 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Vinod Krishna വാർഡ് - 38 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Mumdas Chinju വാർഡ് - 35 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ എഞ്ചിനീയറിംഗ് വിഭാഗത്തിൽ രണ്ടാം ഗ്രേഡ് ഓവർസിയർ ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.സെവിൻ ചാർളി എന്നവർക്ക് ഇറിഗേഷൻ വകുപ്പിലേക്ക് നിയമനം ലഭിച്ച് പോയതിനാൽ ഒരു ഓവർസിയറുടെ ഒഴിവ് വന്നിട്ടുള്ള സാഹചര്യത്തിൽ ഹോണറേറിയം വ്യവസ്ഥയിൽ താൽക്കാലിക ഓവർസിയറായി ജോലി ചെയ്തു വന്നിരുന്ന ശ്രീമതി.പ്രമിത.കെ.പി.എന്നവരെ ടി ഒഴിവിലേക്ക് ബഹു.മേയറുടെ മുൻകൂർ അനുമതി പ്രകാരം 10/09/2025 മുതൽ ഒരു വർഷക്കാലയളവിലേക്ക് താൽക്കാലികമായി നിയമിച്ച ഓഫീസ് നടപടിയും ബഹു.മേയർ മുൻകൂർ അനുമതി നൽകിയ നടപടിയും സാധൂകരിക്കുന്നതിന് ഭൂരിപക്ഷ തീരുമാന പ്രകാരം തീരുമാനിച്ചു.

10. **വിഷയം (ഫയൽ നമ്പർ - 5640436-2025)**

തൃശൂർ കോർപറേഷൻ- ആരോഗ്യവിഭാഗം - സാനിറ്റേഷൻ ജീവനക്കാരനായ ശ്രീ. ദാസമണി.പി.കെ എന്നവർക്ക് 22 വർഷത്തെ സമയബന്ധിത ഹയർഗ്രേഡിന് അംഗീകാരം ലഭ്യമാക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശൂർ കോർപ്പറേഷൻ- കണ്ടിജന്റ് വിഭാഗത്തിലെ സാനിറ്റേഷൻ വർക്കറായി 1-11-2003 ന് ജോലിയിൽ പ്രവേശിച്ച ശ്രീ. ദാസമണി. പി.കെ. എന്നവർക്ക് ടിയാന്റെ സേവനം പരിഗണിച്ചു 22 വർഷത്തെ സമയബന്ധിത ഹയർ ഗ്രേഡ് താഴെ പറയുന്നതു പ്രകാരം അനുവദിക്കുന്നതിന് തീരുമാനിച്ചു.
പേര്-ശ്രീ. ദാസമണി.പി.കെ. (നാലാം സർക്കിൾ)
**ഓപ്ഷൻ തിയതി- 3/11/2025**
**ഓപ്ഷൻ തിയതിയിലെ അടിസ്ഥാന ശമ്പളം : 49000/- (25100- 57900)**
**ഹയർ ഗ്രേഡിൽ നിജപ്പെടുത്തിയ ശമ്പളം: 51400/- (26500- 60700)**

11. **വിഷയം (ഫയൽ നമ്പർ - 6628340-2025)**

തൃശൂർ കോർപറേഷൻ -വൈദ്യുതി വിഭാഗം-31/05/2015 ൽ റിട്ടയർ ചെയ്ത സബ് എൻജിനീയർ ശ്രീ കെ. രാജുവിൻറെ പരിഷ്കരിച്ച പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശൂർ കോർപറേഷൻ വൈദ്യുതി വിഭാഗത്തിൽ നിന്നും 31/05/2015 തിയതിയിൽ റിട്ടയർ ചെയ്ത സബ് എൻജിനീയർ ശ്രീ.കെ.രാജു എന്നവരുടെ പരിഷ്കരിച്ച പെൻഷൻ ആനുകൂല്യങ്ങൾ , നഗരസഭ ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്ന ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും നൽകുന്നതിന് ഉത്തരവായിട്ടുണ്ടെങ്കിലും, ജനറൽ പർപ്പസ് ഫണ്ടിൽ മതിയായ തുക ഇല്ലാത്തതിനാൽ ശ്രീ.കെ.രാജു എന്നവർക്ക് അനുവദിക്കേണ്ട **1829718** രൂപ കോർപറേഷൻ വൈദ്യുതി വിഭാഗം ഫണ്ടിൽ നിന്നു തന്നെ അനുവദിക്കുന്നതിന് തീരുമാനിച്ചു.

12. **വിഷയം (ഫയൽ നമ്പർ - 5442425-2025)**

തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ -കണ്ടിജന്റ് വിഭാഗം - സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ കണ്ടീജന്റ് വിഭാഗത്തിൽ സാനിറ്റേഷൻ ജീവനക്കാരായ ശ്രീമതി . മായ കുന്നത്ത, ശ്രീ തിലകരാജ് വി .ആർ, ശ്രീ .പോൾ ടി . ആർ എന്നവരുടെ സേവനം പരിഗണിച്ച് സമയബന്ധിത ഹയർ ഗ്രേഡ് താഴെ പറയുന്നത് പ്രകാരം അനുവദിക്കുന്നതിന് തീരുമാനിച്ചു.

---

| **ക്രമ നമ്പർ** | **പേര്** | **സർക്കിൾ** | **പൂർത്തീകരിച്ച വർഷം** | **ഓപ്ഷൻ തീയതി** | **ഓപ്ഷൻ തീയതിയിലെ അടിസ്ഥാന ശമ്പളം** | **ഹയർഗ്രേഡിൽ നിജപ്പെചുത്തിയ ശമ്പളം** |
|---|---|---|---|---|---|---|
| 1 | മായ കുന്നത്ത് | 2 | 22 | 01/09/2020 | 47800(25100-57900) | 50200(26500-60700) |
| 2 | തിലകരാജ് വി ആർ | 2 | 8 | 07/03/2023 | 29500(23700-52600) | 31100(24400-55200) |
| 3 | പോൾ ടി ആർ | 2 | 8 | 06/03/2023 | 29500(23700-52600) | 31100(24400-55200) |

13. **വിഷയം (ഫയൽ നമ്പർ - 4460171-2025)**

തൃശ്ശൂർ താലൂക്കിൽ അയ്യന്തോൾ വില്ലേജ് സർവ്വെ 420/2 ഷ ഉൾപ്പെടുന്ന 0.0456 ഹെ.ഭൂമിപാട്ടയത്തിന് ലഭിക്കുന്നതിനു വേണ്ടി അയ്യന്തോൾ ഗേശം പൂലിക്കളി സംഘാടക സമിതി അപേക്ഷ സമർപ്പിച്ച കത്ത് സംബന്ധിച്ച്

**തീരുമാനം**

1. തൃശൂർ താലൂക്കിൽ അയ്യന്തോൾ വില്ലേജ് സർവ്വെ നമ്പർ 420/2 ൽ(DN 55) ഉൾപ്പെടുന്ന 0.0456 ഹെ.ഭൂമി പാട്ടത്തിന് ലഭിക്കുന്നതിനുവേണ്ടി അയ്യന്തോൾ ദേശം പുലിക്കളി സംഘാടക സമിതി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും. ടി ഭൂമി ബി.ടി.ആർ പ്രകാരം നിലം ഇനത്തിൽ ഉൾപ്പെടുന്നതും പുറമ്പോക്ക് നോട്ട് ബുക്ക് പ്രകാരം തോട് പഞ്ചായത്ത് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും തോട് പുറമ്പോക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിലായതിനാൽ എൻ.ഒ.സി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ജില്ലാ കളക്ടറ് നിർദ്ദേശച്ചിട്ടുണ്ട്. ടി സ്ഥലം അംഗീകൃത അമൃത് മാസ്റ്റർപ്ലാൻ പ്രകാരം പബ്ലിക് & സെമി പബ്ലിക് സോണിൽ ഉൾപ്പെടുന്നു.PWD റോഡിനു 25 widening ഉള്ളതുമാണ്.നിലവിൽ പ്രസ്തുത സ്ഥലത്ത് ഒരു കിണർ , മോട്ടോർ ഷെഡ് എന്നിവയും,കൂടാതെ 4 വശങ്ങളും മതിൽ കെട്ടി, ഗേറ്റ് സ്ഥാപിച്ചു കൊണ്ട് സംരക്ഷിച്ചു കൊണ്ടിരിക്കുന്നു.**Fair value per are ന് 31,68,000**/- രൂപയായി കാണുന്നു .ആയതു പ്രകാരം പ്രസ്തുത സ്ഥലത്തിന്റെ വില **4.56 are x 31,68,000/- = 1,44,46,080/-**രൂപയാണ്. PWD റോഡിനോട് ചേർന്ന് കിടക്കുന്ന ടി സ്ഥലം ,സ്ഥലത്തിന്റെ തരം സ്വഭാവ വ്യതിയാനം നടത്തിയതിനു ശേഷം കോർപ്പറേഷന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതിന് അനുയോജ്യമാണെന്ന് എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട് . അതു പ്രകാരം കോർപ്പറേഷന്റെ വികസന പ്രവർത്തനങ്ങൾക്ക് ഏറ്റുക്കുന്നതിന് തീരുമാനിച്ചു. എൻ. ഒ. സി നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

14. **വിഷയം (ഫയൽ നമ്പർ - 5950587-2025)**

തൃശ്ശൂർ കോർപ്പറേഷൻ - വിൽവട്ടം ഓഫീസ് നവീകരണം - ഫർണ്ണീച്ചർ പർച്ചേസിംഗ് - ടെണ്ടർ അംഗീകാരത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ 2025-26 വാർഷിക പദ്ധതിയിലുൾപ്പെടുത്തി എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായിട്ടുള്ള പ്രോ.നം. 1107/26 'തൃശ്ശൂർ കോർപ്പറേഷൻ വിൽവട്ടം സോണൽ ഓഫീസ് നവീകരണം 'എന്ന പ്രവൃത്തിയുടെ ഭാഗമായി സോണൽ ഓഫീസിലേക്ക് ഫർണ്ണീച്ചർ പർച്ചേസ് ചെയ്യുന്നതിനായി 15,00,000/-( പതിനഞ്ച് ലക്ഷം രൂപ മാത്രം ) വകയിരുത്തിയിട്ടുണ്ട്. മേൽ പദ്ധതിയുടെ ഭാഗമായി വാങ്ങുന്ന ഫർണ്ണീച്ചറുകളുടെ സ്പെസിഫിക്കേഷൻ പ്രൊക്യൂർമെന്റ് കമ്മറ്റി അംഗീകരിച്ചിട്ടുള്ളതും, ആയത് പ്രകാരം ടെണ്ടർ നല്കിയതിൽ 3 അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ലഭിച്ചതിൽ ഏറ്റവും കുറഞ്ഞ തുകയുടെ ടെണ്ടർ രേഖപ്പെടുത്തിയ ആർട്ട് കോ ലിമിറ്റഡ് , തൃശ്ശൂർ എന്ന സ്ഥാപനത്തിന്റെ 13,48,540.99 രൂപയുടെ ടെണ്ടർ അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

15. **വിഷയം (ഫയൽ നമ്പർ - 2769342-2024)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - അയ്യന്തോൾ കൃഷിഭവൻ പരിധിയിലെ എൽത്തുരുത്ത് മാരാർ കോൾ ബണ്ട് തകർന്ന് കൃഷിയിടത്തിൽ മണ്ണും അവശിഷ്ടങ്ങളും അടിഞ്ഞു കൂടിയത് നീക്കം ചെയ്യുന്ന പ്രവൃത്തിക്ക് പ്രിൻസിപ്പൽ കൃഷി ഓഫീസർ ആവശ്യപ്പെട്ട ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. അയ്യന്തോൾ കൃഷിഭവൻ പരിധിയിലെ എൽത്തുരുത്ത് മാരാർ കോൾബണ്ട് തകർന്ന് കൃഷിയിടത്തിൽ മണ്ണും അവശിഷ്ടങ്ങളും അടിഞ്ഞ് കൂടിയത് നീക്കം ചെയ്യുന്ന പ്രവൃത്തിയുടെ ഭാഗമായി ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം എർത്ത് മൂവറുകളുടെ ഇന്ധനചെലവ് അനുവദിക്കുന്നതിന് 30/12/2024 തീയ്യതിയിൽ AGRICULTURAL OFFICER, KRISHI BHAVAN, AYYANTHOLE ന്റെ തൃശ്ശൂർ ജില്ലാ ട്രഷറിയിലെ STSB A/C No. 713011400000258 ലേക്ക് അനുവദിച്ച 1,50,000/- രൂപയിൽ 1,48,699/- രൂപ ചെലവഴിച്ചതിന്റെ വിവരങ്ങൾ സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ രണ്ട് ലക്ഷം രൂപ കൂടി 09/06/2025 തീയ്യതിയിലെ 45/1 തീരുമാന പ്രകാരം കൈമാറിയിട്ടുള്ളതാണ്. ദുരന്ത നിവാരണ അതോറിട്ടി ചെയർമാന്റെ ഉത്തരവു ലഭ്യമാകുന്നതു വരെ ഈ തുക അഡ്വാൻസായി അക്കൗണ്ടു ചെയ്യുന്നതിനാണ് തീരുമാനിച്ചിരുന്നത്. വീണ്ടും 3 ലക്ഷം രൂപ കൂടി നൽകുന്നതിന് അയ്യന്തോൾ കൃഷി ഓഫീസർ ആവശ്യപ്പെടുകയും ഉത്തരവ് ലഭ്യമാകാതിരുന്നതിനാൽ 09.12.2024 DC TSR 13866/24 കത്തു പ്രകാരം നല്കിയ തുകയുടെ അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് കത്ത് നല്കുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്. എന്നാൽ ബഹു. ജില്ലാ കളക്ടർ ദുരന്ത നിവാരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം 07/11/2025 തീയ്യതിയിലെ DCTSR/13866/2025-K1 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇതിൻപ്രകാരം മാരാർ കോൾപ്പടവിലെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നത് പൂർത്തിയായെങ്കിലും എൽത്തുരുത്ത് കോൾപ്പടവിലെ ചണ്ടിയും അവശിഷ്ടങ്ങളും പൂർത്തിയാക്കാൻ ബാക്കിയുള്ളതിനും തകർന്ന ബണ്ട് അടിയന്തിരമായി പുനർനിർമ്മിക്കുന്നതിനും 2005 ലെ ദുരന്തനിവാരണ നിയമത്തിലെ 26(1), (2),30(2) (iii) (iv) (v) (x) (xviii),33,34(k) വകുപ്പ് പ്രകാരം 3,00,000/-(മൂന്ന് ലക്ഷം രൂപ) ദുരന്തനിവാരണ ഇനത്തിൽ ഉൾപ്പെടുത്തി, തുക കോർപ്പറേഷൻ തനത് ഫണ്ടിൽ നിന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നൽകുന്നതിന് തീരുമാനിച്ചു. ഇപ്പോൾ നൽകുന്ന 3 ലക്ഷം രൂപയും മുൻപ് നൽകിയ 3.5 ലക്ഷം രൂപയും ചേർത്ത് 6.5 ലക്ഷം രൂപയ്ക്ക് സർക്കാരിന്റെ സാധൂകരണത്തിന് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

16. **വിഷയം (ഫയൽ നമ്പർ - 5575011-2025)**

തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ - മരാമത്ത് വിഭാഗം - ബഹു.മേയർ നല്കിയ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**ചർച്ച**

Vinod Krishna വാർഡ് - 38 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Vinshy Arunkumar വാർഡ് - 40 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Raghunath C Menon വാർഡ് - 1 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Krishnamohan A V വാർഡ് - 3 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Mumdas Chinju വാർഡ് - 35 :

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Padmini Shaji വാർഡ് - 43 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ പഴയ മുനിസിപ്പൽ പ്രദേശത്തെ കുടിവെള്ള കണക്ഷനുകളുടെ മീറ്ററുകൾ വെറ്റ് -2 പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിന്റെ ഉദ്ഘാടനം 05/11/2025 തീയ്യതി 11 മണിക്ക് ബഹു. തൃശ്ശൂർ എം എൽ എ ശ്രീ, പി ബാലചന്ദ്രൻ നിർവ്വഹിച്ചിട്ടുള്ളതാണ്. ആയതിന്റെ ക്രമീകരണങ്ങൾക്ക് അസിസ്റ്റന്റ് എൻജിനീയർ ശ്രീ നിഷാന്ത് പി എസ് നു അഡ്വാൻസ് ആയി 25000 /-രൂപ അനുവദിച്ചു നൽകുന്നതിന് ബഹു മേയർ നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചു നല്കിയിട്ടുള്ളതാണ്. ബഹു മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരിക്കുന്നതിന് ഭൂരിപക്ഷ തീരുമാന പ്രകാരം തീരുമാനിച്ചു.

17. **വിഷയം (ഫയൽ നമ്പർ - 2407230-2024)**

തൃശ്ശൂർ കോർപ്പറേഷൻ -റവന്യൂ വിഭാഗം - കച്ചവട മാറ്റം സംബന്ധിച്ച്

**തീരുമാനം**

1. ***തൃശൂർ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയം 54( 12/3581) നമ്പർ മുറിയിൽ നിലവിൽ നടത്തിവന്നിരുന്ന അപ്ഹോൾസ്റ്ററി വർക്സ് മാറ്റി ചായക്കട തുടങ്ങുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് ലൈസൻസിയായ മോളി ജോസ് സമർപ്പിച്ച അപേക്ഷയിൽ 10/11/25 തീയതിയിലെ 29 നമ്പർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാന പ്രകാരം സ്റ്റേഡിയത്തിലുള്ള മുറികൾ വളരെ ചെറുതായതിനാൽ തന്നെ ചായ കച്ചവടം ,ഹോട്ടൽ എന്നിങ്ങനെയുള്ള കച്ചവടങ്ങൾ നടത്തുന്നതിനുള്ള വേണ്ടത്ര സൗകര്യങ്ങൾ ടി സ്ഥലത്ത് ഒരുക്കാൻ സാധിക്കാത്തതാണെന്നും കമ്മിറ്റിയുടെ പരിശോധനാ വേളയിൽ ചായക്കട നടത്തുന്ന കടമുറികൾ പലതും വൃത്തിഹീനമായ അന്തരീക്ഷത്തിലാണ് നടത്തിക്കൊണ്ട് പോകുന്നത് എന്ന് കണ്ടെത്തിയിട്ടുള്ളതായും, ടി ,സാഹചര്യത്തിൽ ഇത്തരം കച്ചവടങ്ങൾക്ക് അനുമതി നൽകേണ്ടതില്ലെന്നും ,കൂടാതെ അനധികൃതമായി ഷീറ്റ് മേഞ്ഞ എല്ലാ കടമുറികളുടെയും ഷീറ്റ് പൊളിച്ചു മാറ്റുന്നതിന് ബന്ധപ്പെട്ട അസി . എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതിനും ,ടി സ്ഥലത്ത് ലൈസൻസില്ലാതെ നടത്തുന്ന കച്ചവടങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു. ടി വിഷയത്തിൽ അടിയന്തിരമായി നടപടികൾ എടുത്ത ശേഷം കൌൺസിൽ റിപ്പോർട്ട് ചെയ്യുന്നതിന് തീരുമാനിച്ചു.***

18. **വിഷയം (ഫയൽ നമ്പർ - 633191-2025)**

ചേരി നിർമാർജനം,അതിദരിദ്ര വിമുക്ത കേരളം പദ്ധതികളുടെ ഭാഗമായി നിർമ്മിച്ചിട്ടുള്ള മാറ്റാംപുറത്തെ ഫ്ലാറ്റ് കെട്ടിടങ്ങൾ ക്രമ വത്ക്കരിക്കുന്നതിന് ബഹു.സർക്കാരിൽ നിന്നും അനുമതി ലഭിക്കുന്നതിന് ബഹു.കൌൺസിൽ അംഗീകാരം ലഭ്യമാകുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശൂർ കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള മാടക്കത്തറ പഞ്ചായത്ത് പരിധിയിലെ മാറ്റാംപുറത്തുള്ള സ്ഥലത്ത്, ചേരിനിർമ്മാർജ്ജനത്തിന്റെ ഭാഗമായി Costford നിർവ്വഹണ ഏജൻസി ആയി നിർമ്മിച്ച 20 ബ്ലോക്കുകൾ ഉള്ള ഫ്ലാറ്റ് സമുച്ചയം (3 നിലകളിലായി 6 യൂണിറ്റുകൾ വീതം 120 യൂണിറ്റ്) വർഷത്തിൽ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. ആയതിൽ 10 ബ്ലോക്കുകൾ (60 യൂണിറ്റ്) ഗുണഭോക്താക്കൾക്ക് മുൻപ് തന്നെ കൈമാറിയിട്ടുള്ളതാണ്. അതിൽ, 10 ബ്ലോക്കുകൾ, 1 നിലയിൽ 2 യൂണിറ്റ് ഒന്നാക്കി മാറ്റി അധികസൗകര്യമൊരുക്കുന്നതിന് ബഹു:മേയർ, വികസന സ്റ്റാൻറ്റിങ് കമ്മിറ്റി ചെയർമാൻ, സെക്രട്ടറി, സൂപ്രണ്ടിങ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ സ്ഥലപരിശോധന നടത്തി നിർദ്ദേശിച്ചതിൻ പ്രകാരം 2 യൂണിറ്റ് ഒന്നാക്കി 10 ബ്ലോക്കിൽ 30 യൂണിറ്റ് അതിദാരിദ്രവിമുക്ത കേരളം എന്ന സർക്കാരിന്റെ നയത്തിന്റെ ഭാഗമായി
അതിദരിദ്രർക്ക് കൈമാറുന്നതിന്റെ താക്കോൽ ദാനം ബഹു: MLA 31/10/2025 തിയതിയിൽ നിർവഹിച്ചിട്ടുണ്ട്. ടി ഫ്ലാറ്റ് സമുച്ചയത്തിൽ എല്ലാ യൂണിറ്റിലും വാട്ടർ കണക്ഷനും കറന്റ് കണക്ഷനും ലഭിച്ചിട്ടുണ്ട്. കെട്ടിടനമ്പർ ലഭിക്കുന്നതിനായി ബഹു:സെക്രട്ടറി, സൂപ്രണ്ടിങ് എഞ്ചിനീയർ എന്നിവരുടെ നിർദ്ദേശപ്രകാരം 29/05/2025 തിയതിയിൽ മാടക്കത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുൻപാകെ സമർപ്പിച്ചിട്ടുള്ളതും Rule 5(3) പ്രകാരം പ്ലാൻ പുനഃസമർപ്പിക്കുന്നതിന് വേണ്ടി തിരിച്ചയക്കുകയും ചെയ്തു. മേൽ ചട്ട പ്രകാരം, മുഴുവൻ നിർമ്മാണവും KPBR ചട്ടങ്ങൾക്കനുസൃതമായും മാസ്റ്റർപ്ലാൻ ഉണ്ടെങ്കിൽ ആയതിന് അനുരൂപമായും പൂർത്തീകരിച്ചിട്ടുണ്ടെന്ന് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. എന്നാൽ ഏകദേശം 10 വർഷങ്ങൾക്ക് മുമ്പ് Costford ആയതിന്റെ തനത്

ശൈലിയിൽ (Low Cost Construction)നിർമ്മാണം പൂർത്തീകരിച്ച ഫ്ലാറ്റ് സമുച്ചയത്തിന് മുഴുവനായും ബാധകമായ ചില ചട്ടങ്ങൾക്കനുസരിച്ച് മേൽ നിർമ്മിക്കപ്പെട്ടതിനായിരുന്നതിനാൽ ക്രമവൽക്കരിക്കുന്നതിന് സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.തുടർ നടപടികൾക്കായി കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

19. **വിഷയം (ഫയൽ നമ്പർ - 5648770-2025)**

TSR CORPORATION-D-39-KSRTC ROAD-INTER LOCK TILE PAVING second reach completion- tender അംഗീകാരത്തിനു ബഹു മേയർ നല്കിയ മുങ്കൂർ അനുമതി സാധൂകരണം ,Revised estimate നു അംഗീകാരം എന്നിവ ലഭ്യമാക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. 1.TSR CORPORATION-D-39-KSRTC ROAD-INTER LOCK TILE PAVING-second reach - 2178/26 പ്രകാരം 27,00,000/- രൂപയ്ക്കു സാങ്കേതികാനുമതി ലഭ്യമായിട്ടുള്ളതാണ്. പ്രവൃത്തി തുടർച്ചയായി നടപ്പിലാക്കേണ്ടത് അനിവാര്യമായതിനാലും റോഡ് എത്രയും വേഗം ഗതാഗത യോഗ്യമാക്കി തുറന്നു കൊടുക്കേണ്ടതിനാലും ബഹു. മേയർ ടി പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് മുൻകൂർ അനുമതി നൽകിയ ബഹു .മേയറുടെ നടപടി സാധൂകരിക്കുന്നതിനും ,എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ റിവൈസ് എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനും തീരുമാനിച്ചു.

20. **വിഷയം (ഫയൽ നമ്പർ - 5571925-2025)**

തൃശ്ശൂർ കോർപ്പറേഷൻ - മരാമത്ത് വിഭാഗം - അനിമൽ ക്രിമിറ്റോറിയതിന്റെ സമർപ്പണം 02/11/2025 - ബഹു.മേയർ നല്കിയ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**ചർച്ച**

Padmini Shaji വാർഡ് - 43 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Mumdas Chinju വാർഡ് - 35 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Krishnamohan A V വാർഡ് - 3 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Raghunath C Menon വാർഡ് - 1 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Vinshy Arunkumar വാർഡ് - 40 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Vinod Krishna വാർഡ് - 38 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ നിർമ്മിച്ച, സംസ്ഥാനത്തെ ആദ്യ അനിമൽ ക്രിമിറ്റോറിയതിന്റെ സമർപ്പണം 02/11/2025 തീയ്യതി 4 മണിക്ക് ബഹു. തൃശ്ശൂർ എം.എൽ.എ ശ്രീ.പി.ബാലചന്ദ്രൻ നിർവ്വഹിച്ചിട്ടുള്ളതാണ്. ആയതിന്റെ ഉദ്ഘാടന ക്രമീകരണങ്ങൾക്ക് ബഹു.മേയറുടെ അനുമതി പ്രകാരം അസിസ്റ്റന്റ് എൻജിനീയർ ശ്രീ.നിഷാന്ത്.പി.എസ് എന്നവർക്ക് അഡ്വാൻസ് ആയി 25,000 /-രൂപ അനുവദിച്ചു നല്കിയിട്ടുള്ളതാണ്. ബഹു മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനു ഭൂരിപക്ഷ തീരുമാന പ്രകാരം തീരുമാനിച്ചു.

21. **വിഷയം (ഫയൽ നമ്പർ - 5598928-2025)**

തൃശ്ശൂർ കോർപ്പറേഷൻ നേതാജി ടർഫിന്റെ ഉദ്ഘാടനം -ബഹു മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**ചർച്ച**

Raghunath C Menon വാർഡ് - 1 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Krishnamohan A V വാർഡ് - 3 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Padmini Shaji വാർഡ് - 43 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Vinshy Arunkumar വാർഡ് - 40 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Mumdas Chinju വാർഡ് - 35 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Vinod Krishna വാർഡ് - 38 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ നേതാജി ടർഫിന്റെ ഉദ്ഘാടനം 03.11.2025 ന് വൈകീട്ട് 7.00 മണിക്ക് ബഹു കായിക വകുപ്പ് മന്ത്രി ശ്രീ.വി അബ്ദുൾ റഹ്മാൻ അവർകൾ നിർവ്വഹിച്ചിട്ടുള്ളതാണ്. ആയതിന്റെ ക്രമീകരണങ്ങൾക്കായി ബഹു മേയറുടെ 29.10.2025 തീയ്യതിയിലെ നിർദ്ദേശ പ്രകാരം പ്രകാരം 75,000/-രൂപ അയ്യന്തോൾ സോണൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി.രചന.ആർ എന്നവർക്ക് അഡ്വാൻസ് അനുവദിച്ചിരുന്നു. ബഹു. മേയറുടെ അനുമതി സാധൂകരിക്കുന്നതിന് ഭൂരിപക്ഷ അഭിപ്രയ പ്രകാരം തീരുമാനിച്ചു.

22. **വിഷയം (ഫയൽ നമ്പർ - 5717077-2025)**

ഒല്ലൂർ സോണൽ ഡിവിഷൻ 25 നെഹ്റു നഗർ കനാൽ കോൺക്രീറ്റ് റോഡ് മെയിന്റനൻസ് എന്ന പ്രവൃത്തി റദ്ദു ചെയ്യുന്നതും കരാറുകാരന് സുരക്ഷിത നിക്ഷേപം തിരികെ നൽകുന്നതും സംബന്ധിച്ച്

**തീരുമാനം**

1. ഒല്ലൂർ സോണൽ ഡിവിഷൻ 25 നെഹ്റു നഗർ കനാൽ കോൺക്രീറ്റ് റോഡ് മെയിന്റനൻസ് എന്ന പ്രവൃത്തി - പദ്ധതി നമ്പർ 1551/2026 ( P No -1761/24 ) - കനാൽ സൈഡ് ഇടിഞ്ഞു പോയതിനാൽ നിർവ്വഹണം നടത്താൻ സാധിക്കില്ല എന്നും ടി പ്രവൃത്തി ക്യാൻസൽ ചെയ്യാവുന്നതാണ് എന്നുമുള്ള ഡിവിഷൻ കൗൺസിലറുടെ കത്തിന്റെ അടിസ്ഥാനത്തിലും അസി.എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരവും നിലവിലുള്ള പദ്ധതി ക്യാൻസൽ ചെയ്യുന്നതിനും കരാറുകാരന് സുരക്ഷിത നിക്ഷേപം തിരികെ നൽകുന്നതിനും തീരുമാനിച്ചു.

23. **വിഷയം (ഫയൽ നമ്പർ - 300777-2026)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ- ആസൂത്രണ വിഭാഗം- 2025-26 ജനകീയാസൂത്രണ വാർഷിക പദ്ധതി- പ്രൊജക്ട് നം. 554/26 - കറവപശുക്കൾക്ക് കാലിത്തീറ്റ - അഡീഷണൽ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുന്നത്- സംബന്ധിച്ച്.

**തീരുമാനം**

1. തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രൊജക്ട് നം. 554/26 - "കറവപശുക്കൾക്ക് കാലിത്തീറ്റ" എന്ന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തതും കോർപ്പറേഷൻ പരിധിയിലുള്ള വിവിധ സംഘങ്ങളിൽ നിന്നും കാലിത്തീറ്റ വാങ്ങുന്നവരുമായ താഴെപ്പറയുന്ന ക്ഷീര കർഷകരെ കൂടി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ച് നിർവ്വഹണോദ്യോഗസ്ഥനായ ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിഗണിച്ച്, താഴെ പറയുന്ന ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുന്നതിന് തീരുമാനിച്ചു

| **നമ്പർ** | **കർഷകന്റെ പേര്, മേൽവിലാസം** | **ഡിവിഷൻ നമ്പർ** | **സംഘത്തിന്റെ പേര്** |
|---|---|---|---|
| 1 | മുഹമ്മദ് കുഞ്ഞി, അറുതിയ മൂല, പി.ഒ. | 53 | പുഴയ്ക്കൽ ക്ഷീര വ്യവസായ സംഘം ആർ |

| | | | |
|---|---|---|---|
| | പുല്ലഴി | | 60(ഡി) |
| 2 | സിജോൺ.ഐ.ജെ,ഇരുമ്പൻ ഹൌസ്, തൈക്കാട്ടുശ്ശേരി പി.ഒ, പിൻ - 680306 | 30 | വല്ലച്ചിറ ക്ഷീരോൽപാദക സഹകരണ സംഘം ആർ 181 (ഡി) ആപ്കോസ് സംഘം |
| 3 | റിന്റോ.എ.വി, ആലപ്പാട്ട് ഹൌസ്, കോടന്നൂർ .പി.ഒ, പള്ളിപ്പുറം | 15 | അഞ്ചേരി ക്ഷീരോൽപാദക സഹകരണ സംഘം ആർ 287 (ഡി) ആപ്കോസ് |
| 4 | ഡിന്സൻ ഡേവിസ്, തെറ്റയിൽ ഹൌസ്, ഒല്ലൂർ.പി.ഒ,തൃശ്ശൂർ | 30 | അഞ്ചേരി ക്ഷീരോൽപാദക സഹകരണ സംഘം ആർ 287 (ഡി) ആപ്കോസ് |
| 5 | കെ.എൻ.ദാസൻ, കോച്ചേരി ഹൌസ്, മുക്കാട്ടുകര, നെട്ടിശ്ശേരി.പി.ഒ, പിൻ-680651 | 10 | വെള്ളാനിക്കര മാടക്കത്തറ ക്ഷീരവ്യവസായ സംഘം ആർ 41(ഡി) |
| 6 | സുധാകരൻ.എൻ.പി, നടുവിൽപുരയ്ക്കൽ, പനമുക്ക്, ശാന്തി നഗർ | 43 | നെടുപുഴ ക്ഷീരോൽപാദക സഹകരണ സംഘം ആർ 89(ഡി) സംഘം |
| 7 | വി.ഡി. ജോയ്, വൈക്കാടൻ ഹൌസ്, പി.ഒ. നെട്ടിശ്ശേരി, പിൻ-680651 | 12 | വെള്ളാനിക്കര മാടക്കത്തറ ക്ഷീരവ്യവസായ സംഘം ആർ 41(ഡി) |
| 8 | അഗസ്റ്റിൻ ബോബൻ, ചിറയത്ത് മഞ്ഞിയിൽ ഹൌസ്, പി.ഒ. നെട്ടിശ്ശേരി,പിൻ-680651 | 12 | വെള്ളാനിക്കര മാടക്കത്തറ ക്ഷീരവ്യവസായ സംഘം ആർ 41(ഡി) |
| 9 | ശാരദ, ഇലഞ്ഞിപുരയ്ക്കൽ,ഇടക്കുന്നി | 21 | ചെമ്പംകണ്ടം ക്ഷീരോൽപാദക സഹകരണ സംഘം ആർ 233(ഡി) സംഘം |
| 10 | കൊച്ചുമോള്, മണപ്പാട്ടിൽ, ഇടക്കുന്നി, പി.ഒ.ഒല്ലൂർ, പിൻ-680306 | 21 | ചെമ്പംകണ്ടം ക്ഷീരോൽപാദക സഹകരണ സംഘം ആർ 233(ഡി) സംഘം |

24. **വിഷയം (ഫയൽ നമ്പർ - 2939270-2025)**

തൃശ്ശൂർ കോർപ്പറേഷൻ റെവന്യു വിഭാഗം ( R7 ) - തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ വക ശക്തൻ തമ്പുരാൻ നഗർ പച്ചക്കറി മാർക്കറ്റ് റൂം നം 92 ( 35/2573/92 ) കട മുറിയുടെ ലൈസൻസി അവകാശം മാറ്റി നൽകുന്നത് സംബന്ധിച്ച്.

**തീരുമാനം**

1. *തൃശൂർ മുനിസിപ്പൽ കോർപ്പറേഷൻ വക ശക്തൻ തമ്പുരാൻ പച്ചക്കറി മാർക്കറ്റ് കെട്ടിടത്തിലെ 92 ആം നമ്പർ (35/2573/92) മുറിയുടെ ലൈസെൻസി ശ്രീമതി.ചന്ദ്രിക മരണപെട്ടതിനാൽ ടിയാളുടെ മകളായ ബീന.ടി.വി എന്നവരുടെ പേരിലേക്ക് പ്രസ്തുത കടമുറിയുടെ ലൈസൻസി അവകാശം മാറ്റി നൽകുന്നതിന് ശ്രീമതി.ചന്ദ്രിക എന്നവരുടെ അനന്തരാവകാശികളായ വിനോദ് .ടി.വി, ഷീല.ടി .വി , ബീന.ടി.വി എന്നിവർ സംയുക്ത അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത കടമുറിയുടെ ലൈസൻസി അവകാശം മാറ്റി നൽകുന്നതിന് ശുപാർശ ചെയ്തുകൊണ്ടുള്ള റെവന്യു ഇൻസ്പെക്ടറുടെ റിപ്പോർട്ട് പ്രകാരവും, ബൈലോ പ്രകാരം ലൈസൻസി കൈമാറ്റം*

*അനുവദിക്കുന്നതിന്  ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ 17.10.2025 തിയ്യതിയിലെ 44-ാം നമ്പർ ശുപാർശ പ്രകാരം നിയമാനുസൃതം ബൈലോ പ്രകാരം മാറ്റി നൽകുന്നതിന് തീരുമാനിച്ചു.*

25. **വിഷയം (ഫയൽ നമ്പർ - 5608954-2025)**

തൃശ്ശൂർ കോർപ്പറേഷൻ ഒല്ലൂക്കര മേഖലയിലെ സ്ട്രീറ്റ് ലൈറ്റുകൾ എൽ ഇ ഡി ആക്കി മാറ്റിയതിന്റെ സമർപ്പണം- മുന്കൂർ തുക അനുവദിച്ചത് സാധൂകരിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ ഒല്ലൂക്കര മേഖലയിലെ സ്ട്രീറ്റ്ലൈറ്റുകൾ LED ആക്കി മാറ്റിയതിന്റെ സമർപ്പണം 02.11.2025 ന് ബഹു.തൃശ്ശൂർ MLA ശ്രീ.പി.ബാലചന്ദ്രൻ നിർവ്വഹിക്കുന്നതിന് നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ മുന്നൊരുക്ക പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾക്കായി മുൻകൂർ തുക അനുവദിക്കുന്നതിന് ബഹു.മേയർ 29.10.2025 തീയതിയിൽ മുൻകൂർ അനുമതി നൽകിയിട്ടുള്ളതാണ്.  ബഹു. മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

26. **വിഷയം (ഫയൽ നമ്പർ - 1677717-2024)**

തൃശ്ശൂർ കോർപ്പറേഷൻ - വിൽവട്ടം സോണൽ -ഡിവിഷൻ 08 വില്ലടം ഗവ.സ്കൂൾ അറ്റകുറ്റപ്പണികൾ - റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി ലഭ്യമാക്കുന്നതു സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ 2025-26 വാർഷിക   പദ്ധതിയിലുൾപ്പെടുത്തിയതും എക്സിക്യൂട്ടീവ് എഞ്ചിനീയർ - 2 നിർവ്വഹണ ഉദ്യോഗസ്ഥയായതുമായ പ്രോ.നം. 1481/26 " തൃശ്ശൂർ കോർപ്പറേഷൻ വിൽവട്ടം സോണൽ ഡിവിഷൻ 08 വില്ലടം ഗവ.സ്കൂൾ അറ്റകുറ്റപ്പണി" എന്ന പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണെന്നും വില്ലടം ഹൈസ്കൂളിൽ പുതിയ ഒരു ലാബ് കെട്ടിടം കൂടി വൈദ്യുതീകരിക്കണമെന്ന മുൻ ഡിവിഷണൽ കൌൺസിലറുടെയും സ്കൂൾ ഹെഡ് മാസ്റ്ററുടെയും ആവശ്യം പരിഗണിച്ച് ഇതുകൂടി ഉൾപ്പെടുത്തി പ്രവൃത്തി പരിഷ്കരിക്കേണ്ടി വന്നിട്ടുണ്ടെന്നും, ഇതിനനുസൃതമായി  നിലവിലുള്ള എസ്റ്റിമേറ്റ് പരിഷ്കരിക്കേണ്ടതുണ്ടെന്നും കോർപ്പറേഷൻതല ഇലക്ട്രിക്കൽ കമ്മറ്റി റിപ്പോർട്ടു ചെയ്തിട്ടുണ്ട്.  കൂടാതെ  4 way TPN DB യും , 12 way SPN DB യും അനുബന്ധ  സ്വിച്ചുകളും  കൂടുതലായി ചേർക്കേണ്ടി വന്നിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട് . ആയതിനാൽ മേൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന്  Revised Estimate തയ്യാറാക്കുന്നതിനുള്ള അനുമതി നൽകുന്നതിന്  തീരുമാനിച്ചു.

27. **വിഷയം (ഫയൽ നമ്പർ - 955051-2024)**

ജി 8- സ്റ്റോർ- നിലവിലെ ഭരണസമിതിയിലെ 56 ജനപ്രതിനിധികകളുടെ സീൽ- ബഹു മേയറുടെ മുൻകൂർ അനുമതി സാധൂക്കരിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. നിലവിലെ ഭരണസമിതിയിലെ 56 ജനപ്രതിനിധികളുടെ  സീൽ തയ്യാറാക്കിയ വകയിൽ  ഭാവന പ്രിന്റ് ഫാക്ടറി, തൃശ്ശൂർ എന്നവർക്ക് ബില്ല്  തുകയായ  23128 /-രൂപ അനുവദിക്കുന്നതിന് ബഹു മേയർ  23.01.2026 ന് നൽകിയ മുൻകൂർ അനുമതി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

28. **വിഷയം (ഫയൽ നമ്പർ - 4971400-2025)**

തൃശ്ശൂർ കോർപ്പറേഷൻ- ആരോഗ്യ വിഭാഗം- കോർപ്പറേഷന്റെ കീഴിലുള്ള അഗതി മന്ദിരത്തിലെ ദൈനംദിന ചെലവുകൾക്ക് അനുവദിച്ച ഇംപ്രസ്റ്റ് തുക ക്രമീകരിക്കുന്നത് - സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷന്റെ കീഴിലുള്ള സ്നേഹവീട് അഗതിമന്ദിരത്തിലെ ദൈനംദിന ചെലവുകൾക്കായി അഗതി മന്ദിരം മാനേജർക്ക് ഇംപ്രസ്റ്റ് ഇനത്തിൽ അനുവദിച്ചിട്ടുള്ള 75000/- രൂപയിൽ ഇംപ്രസ്റ്റിന് പുറമേ ടിയാരിയുടെ കയ്യിൽ നിന്നും ചെലവായ തുക ഉൾപ്പെടെ ആകെ 1,14,461/-(ഒരു ലക്ഷത്തി പതിനാലായിരത്തി നാനൂറ്റി അറുപതത്തിയൊന്നു രൂപ) രൂപയുടെ സാക്ഷ്യപ്പെടുത്തിയ ബില്ലുകൾ സമർപ്പിച്ചിട്ടുണ്ട്. ആയതിൽ മാനേജരുടെ കയ്യിൽ നിന്നും ചെലവായ 39460.87 രൂപ തിരികെ അനുവദിച്ച്  നൽകുന്നതിനും, ഇംപ്രസ്റ്റ് തുക ക്രമീകരിക്കുന്നതിന്  തീരുമാനിച്ചു.

29. **വിഷയം (ഫയൽ നമ്പർ - 3907703-2025)**

കച്ചവട മാറ്റം അനുവദിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശൂർ കോർപറേഷൻ വക കൊക്കാല മാർക്കറ്റ് ബിൽഡിംഗ് ഫ്രൻറ് കെട്ടിടത്തിലെ 9 നമ്പർ മുറിയുടെ [39/1161/9]ലൈസെൻസി ആയ വിൽസൺ പി ജെ എന്നവർ ചായില വ്യാപാരം നടത്തി വരുന്നത് കച്ചവടം നഷ്ടത്തിലായതിനാൽ ഫാസ്റ്റ് ഫുഡ് വ്യാപാരം നടത്താൻ കച്ചവട മാറ്റത്തിന് ലൈസൻസ് അനുവദിക്കണമെന്ന ടിയാന്റെ അപേക്ഷ 3/10/2025ലെ നമ്പർ FSC തീരുമാനം, 27/10/2025 ലെ FSC സ്ഥല സന്ദർശന റിപ്പോർട്ട് എന്നിവ പ്രകാരം കച്ചവട മാറ്റ ഫീ ഈടാക്കി നിലവിലെ ബൈലോ പ്രകാരം ബഹു കൗൺസിലിലേക്ക് ശുപാർശ ചെയ്തു കൊണ്ടുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം കച്ചവടമാറ്റ ഫീസ് ഈടാക്കി ലൈസൻസ് അനുവദിക്കുന്നതിന് തീരുമാനിച്ചു.

30. **വിഷയം (ഫയൽ നമ്പർ - 249341-2025)**

തൃശ്ശൂർ കോർപ്പറേഷൻ -- മണ്ണുത്തി ഷോപ്പിംഗ് കോംപ്ലക്സ് 37[ 7/35 /1] നമ്പർ മുറിയുടെ ലൈസൻസ് കൈമാറ്റം സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ വക മണ്ണുത്തി ഷോപ്പിംഗ് കോംപ്ലക്സ് ഒല്ലൂക്കര 37[ 7/35 /1] നമ്പർ കടമുറിയുടെ ലൈസൻസിയായ ശ്രീ .സി .ഡി .സണ്ണി എന്നവർ 6/7/2019 തീയതിയിൽ മരണപ്പെട്ടിട്ടുള്ളതാണ്. ടി കടമുറിയുടെ ലൈസൻസ് അവകാശം മകനായ ശ്രീ ബാബു സി എസ് എന്നവരുടെ പേരിലേക്ക് മാറ്റിനൽകുന്നതിന് നിലവിലെ ബൈലോ പ്രകാരവും 17.10.2025 ലെ 45-ാം നമ്പർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരവും നിയമാനുസൃതം അനുവദിക്കുന്നതിന് തീരുമാനിച്ചു.

31. **വിഷയം (ഫയൽ നമ്പർ - 5016634-2025)**

തൃശൂർ കോർപറേഷൻ ഉടമസ്ഥതയിലുള്ള ന്യൂ പട്ടാളം മാർക്കറ്റിലെ 76 നമ്പർ കടമുറിയുടെ ലൈസൻസി മാറ്റം ,സംബന്ധിച്ച്

**തീരുമാനം**

1. തൃശൂർ കോർപറേഷൻ ഉടമസ്ഥതയിലുള്ള ന്യൂ പട്ടാളം മാർക്കറ്റിലെ 76 നമ്പർ കടമുറിയുടെ ലൈസൻസിയായിരുന്ന ശ്രീ കെ കെ ഡേവീസ് , കുണ്ടുകുളങ്ങര ഹൌസ് എന്നവർ 05/09/2025 തീയ്യതി മരണപ്പെട്ടതിനാൽ ടി ലൈസൻസ് ടിയാൻറെ ഭാര്യയായ ബേബി ഡേവീസ് എന്നവരുടെ പേരിലേക്ക് മാറ്റുന്നതിന് ധനകാര്യ സ്റ്റാൻറിങ്ങ് കമ്മറ്റിയുടെ 28.10.2025 ലെ 40 നമ്പർ ശുപാർശ തീരുമാന പ്രകാരവും ബൈലോ പ്രകാരവും ലൈസൻസ് മാറ്റം അനുവദിക്കുന്നതിന് തീരുമാനിച്ചു.

32. **വിഷയം (ഫയൽ നമ്പർ - 2435866-2024)**

പി.എം.എ വൈ (നഗരം) ലൈഫ് പദ്ധതിയുടെ ഡി.പി.ആർ 7 ലെ ഗു ണഭോക്താവായ ശ്രീ മതി സക്കീന,കറു പ്പംവീട്ടിൽ, ആറാം കല്ല് (സർവേ കോഡ് 6179361) എന്നവരെ കൈപ്പറ്റിയ തുകയും 9 % പലിശയും തിരികെ അടവാക്കി പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള അനുമതി നൽകുന്നതു സംബന്ധിച്ച്

**തീരുമാനം**

1. പി.എം.എ വൈ (നഗരം) ലൈഫ് പദ്ധതിയു ടെ ഡി.പി.ആർ 7 ലെ ഗുണഭോക്താവായ ശ്രീമതി സക്കീന, കറുപ്പം വീട്ടിൽ, ആറാം കല്ല് (സർവേ കോഡ് 6179361) എന്നവർക്ക് ആദ്യ ഗഡുവായി 40,000/- രൂപ (നാൽപ്പതിനായിരം രൂപ മാത്രം ) 07 -03 -2024 തീയ്യതിയിൽ ധനസഹായം അനുവദിച്ചിട്ടുള്ളതാണ് . ടിയാന്റെ വീട്ടിലേക്കുള്ള വഴി യാത്രാ സൗകര്യമുള്ളതല്ലാത്തതിനാൽ നിർമ്മാണ സാമഗ്രികൾ വാഹനത്തിൽ കയറ്റിക്കൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും നിലവിൽ അനുവദിക്കപ്പെട്ട ധനസഹായത്തുക കൊണ്ട് വീടുപണി തുടർന്നു കൊണ്ടുപോകുവാൻ സാധ്യമല്ല എന്നും കാണിച്ചു കൊണ്ട് പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം, സംസ്ഥാനമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അനുമതിയോടെ കൈപ്പറ്റിയ തുകയും 9% പലിശ തിരിച്ചടപ്പിച്ച് ഭരണ സമിതിയുടെ അംഗീകാരത്തോടെ പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിന് അനുമതിയുണ്ട്. മേൽ സാഹചര്യങ്ങൾ പരിഗണിച്ച് ശ്രീമതി.സക്കീന, കറുപ്പംവീട്ടിൽ, ആറാംകല്ല്

(സർവേ കോഡ് 6179361) എന്നവരെ കൈപ്പറ്റിയ തുകയും 9 % പലിശയും തിരികെ അടവാക്കി പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിന് കൗൺസിൽ തീരുമാനിച്ചു.

33. **വിഷയം (ഫയൽ നമ്പർ - 2481003-2025)**

പുല്ലഴി വില്ലേജ് സർവ്വെ നമ്പർ 25/1-1, 25/2-1, 26/1-1 ൽ ഉൾപ്പെട്ടതും, 69.5 മീറ്റർ നീളവും, 5 മീറ്റർ വീതിയുമുള്ള വഴി സ്ഥലം ഗതാഗതയോഗ്യമാക്കുന്നതിനായി കോർപ്പറേഷന് വിട്ടുതരുന്നതിന് സമ്മതാണ് എന്നറിയിച്ച് കഴുങ്കിൽ രഘുനാഥൻ എന്നവർ സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.

**തീരുമാനം**

1. പുല്ലഴി വില്ലേജ് സർവ്വെ നമ്പർ 25/1-1, 25/2-1, 26/1-1 ൽ ഉൾപ്പെട്ടതും, 69.5 മീറ്റർ നീളവും, 5 മീറ്റർ വീതിയുമുള്ള വഴി സ്ഥലം ഗതാഗതയോഗ്യമാക്കുന്നതിനായി കോർപ്പറേഷൻ വിട്ടുതരുന്നതിന് സമ്മതമാണെന്ന് സ്ഥലം ഉടമയായ ശ്രീ രഘുനാഥ് എന്നവർ അറിയിച്ചിട്ടുണ്ട്. നിലവിലെ മണ്ണ് റോഡിൻറെ ഉടമസ്ഥൻ ശ്രീ രഘുനാഥ് തന്നെയാണ് . ഈ വഴിയിൽ 8 വീട്ടുക്കാർ സ്ഥിര താമസക്കാരായിട്ടുണ്ട് അവരും റോഡ് കോർപ്പറേഷൻ ഏറ്റെടുക്കുന്നതിന് സമ്മതമാണെന്ന് അറിയിച്ചിട്ടുണ്ട് .മേൽ അപേക്ഷരുടെ സമ്മതംതത്തിന്റെ അടിസ്ഥാനത്തിലും നഗരാസൂത്രണ കമ്മിറ്റിയുടെ 25/10/2025 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരവും പുല്ലഴി വില്ലേജ് സർവ്വെ നമ്പർ 25/1-1, 25/2-1, 26/1-1 ൽ ഉൾപ്പെട്ടതും, 69.5 മീറ്റർ നീളവും, 5 മീറ്റർ വീതിയുമുള്ള വഴിസ്ഥലം ഗതാഗതയോഗ്യമാക്കുന്നതിനായി കോർപ്പറേഷൻ ഏറ്റെടുക്കുന്നതിനും ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനും തീരുമാനിച്ചു.

34. **വിഷയം (ഫയൽ നമ്പർ - 258602-2025)**

Special Assistance to states for capital investment 23-24 പ്രകാരം ലഭിച്ച ധനസഹായം ഉപയോഗിച്ച് സോളാർ പ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തി -ടെണ്ടർ അംഗീകരിക്കുന്ന വിഷയം സംബന്ധിച്ച്

**തീരുമാനം**

1. തൃശൂർ കോർപ്പറേഷൻ - special assistance to states for capital investment 23-24 പ്രകാരം ലഭിച്ച 13 കോടി രൂപയുടെ ധനസഹായം ഉപയോഗിച്ച് കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടങ്ങളിൽ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിലേക്കു pmc ആയി ടെണ്ടർ ചെയ്യുകയും 24/10/25 നു തുറന്ന ടെണ്ടറിൽ 3 കരാറുകാർ സെന്റേജ് ഇനത്തിൽ ( pmc ആയതിനാൽ ) ടെണ്ടർ സമർപ്പിച്ചിട്ടുള്ളതുമാണ് . ടെണ്ടർ സമർപ്പിച്ചതിൽ കുറഞ്ഞ സെന്റേജ് നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നത് **Kerala Electrical and Allied Engineering Co. Ltd** ആണ്. ടി ടെണ്ടർ അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

| sl.no. | Bidder | Quoted amount(centage in %) | Bid rank |
|---|---|---|---|
| 1 | Kerala Electrical and Allied Engineering Co. Ltd (BID ID -2402900) | 0.149 | L1 |
| 2 | INKEL LIMITED (BID ID -2401872) | 1.900 | L2 |
| 3 | STEEL INDUSTRIALS KERALA LIMITED (BID ID -2400171) | 2.250 | L3 |

35. **വിഷയം (ഫയൽ നമ്പർ - 1572648-2025)**

തൃശൂർ കോർപറേഷൻ റവന്യൂ വിഭാഗം കച്ചവടമാറ്റം സംബന്ധിച്ച്

**തീരുമാനം**

1. കോർപ്പറേഷൻ വക മുക്കാട്ടുകര പോസ്റ്റ് ഓഫീസ് കെട്ടിടത്തിലെ 1 നമ്പർ കടമുറിയിലെ നിലവിൽ നടത്തിവന്നിരുന്ന കണ്ണട വ്യാപാരം മാറ്റി ചെരിപ്പ് കച്ചവടം തുടങ്ങുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് നിലവിലെ ലൈസൻസിയായ ശ്രീ.ജോസ് P G എന്നവർ സമർപ്പിച്ച അപേക്ഷ 30/7/25 തീയതിയിലെ 42 നമ്പർ ധന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനപ്രകാരം കമ്മിറ്റി അംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും സംയുക്ത സ്ഥല പരിശോധന നടത്തുന്നതിന് തീരുമാനിക്കുകയും ആയത് പ്രകാരം സ്ഥല പരിശോധന നടത്തിയതിൽ ടി കടമുറിയിൽ ചെരിപ്പ് കച്ചവടം നടത്തി വരുന്നതായി കാണപ്പെട്ടിട്ടുള്ളതും ആയതിനാൽ അനധികൃതമായി കച്ചവടം നടത്തിയതിന് ഫൈനും കച്ചവട മാറ്റ ഫീസും ഈടാക്കി നിലവിലെ ബൈലോ പ്രകാരം കച്ചവട മാറ്റം അനുവദിക്കുന്നതിന് ബഹു .കൗൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ് . ആയതിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃതം ബൈലോ പ്രകാരവും

കച്ചവടമാറ്റഫീസ് 5000 രൂപയും, അനധികൃതമായി കച്ചവടം മാറ്റിയതിന് 5000 രൂപ ഫൈനും ഈടാക്കി കച്ചവടമാറ്റം അനുവദിക്കുന്നതിന് തീരുമാനിച്ചു.

36. **വിഷയം (ഫയൽ നമ്പർ - 1950460-2024)**

PC2 SECTION ജൈവ വൈവിധ്യം -മൃഗശാല പ്രദേശത്ത് വ്യാപിച്ചു കിടക്കുന്ന പച്ചത്തുരുത്തിനെ തൃശ്ശൂരിന്റെ പൈതൃകവനമായി നില നിര്‍ത്തുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ മ്യൂസിയം - മൃഗശാല പ്രദേശത്ത് വ്യാപിച്ചു കിടക്കുന്ന പച്ചത്തുരുത്തിലെ ജൈവവൈവിധ്യത്തെക്കുറിച്ച് പച്ചത്തുരുത്ത് കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ വെള്ളാനിക്കര ഫോറസ്ട്രി കോളേജിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ടി പച്ചത്തുരുത്ത് സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ വിശദമായി ചർച്ച ചെയ്ത് ക്രോഡീകരിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്. മൃഗശാല പ്രദേശത്ത് വ്യാപിച്ചു കിടക്കുന്ന പച്ചത്തുരുത്തിനെ തൃശ്ശൂരിന്റെ പൈതൃകവനമായി നിലനിർത്തിക്കൊണ്ട് കേരളത്തിന്റെ ബൊട്ടാണിക്കൽ ഗാർഡനായി വളർത്തി വികസിപ്പിക്കണമെന്നതാണ് പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശം. മ്യൂസിയം മൃഗശാല പ്രദേശം ഫോറസ്റ്റ് ഡിപാർട്ട്മെന്റ് അധീനതയിലുള്ളതിനായതിനാൽ ടി വിഷയം സംബന്ധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് റിപ്പോർട്ട് സഹിതം അയച്ചു നൽകുന്നതിന് തീരുമാനിച്ചു. ഇത് സംബന്ധിച്ച് ഈ കാര്യത്തിൽ കൌൺസിലിന്റെ എല്ലാവിധ സഹകരണങ്ങളും ഉണ്ടാകുമെന്നും തീരുമാനിച്ചു.

37. **വിഷയം (ഫയൽ നമ്പർ - 63702-2026)**

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ നദീതീരങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് സുസ്ഥിരപ്പെടുത്തുന്നതിനുള്ള പദ്ധതി ഉൾപ്പെടുത്തുന്നതിനും അതിന്റെ നടത്തിപ്പ് ചുമതല മണ്ണ് സംരക്ഷണ വകുപ്പിനെ ഏൽപ്പിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ നദീതീരങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് സുസ്ഥിരപ്പെടുത്തുന്നതിനുള്ള പദ്ധതി ഉൾപ്പെടുത്തുന്നതും അതിന്റെ നടത്തിപ്പ് ചുമതല മണ്ണ് സംരക്ഷണ വകുപ്പിനെ ഏൽപ്പിക്കുന്നതിനും സംബന്ധിച്ച് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ലഭിച്ച കത്ത് വായിച്ച് രേഖപ്പെടുത്തി.

38. **വിഷയം (ഫയൽ നമ്പർ - 5464146-2025)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - ശക്തൻ വെജിറ്റബിൾ മാർക്കറ്റിന് സമീപം നിർമ്മിച്ചിട്ടുള്ള സ്കൈവാക്കിലെ എ സി അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ ചെലവ് തുക അനുവദിക്കുന്നതു സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ ശക്തൻ വെജിറ്റബിൾ മാർക്കറ്റിന് സമീപമുള്ള ശക്തൻ സ്കൈവാക്കിന്റെ AC യുടേയും, ലിഫ്റ്റിന്റേയും, എയർ കർട്ടന്റേയും പ്രവർത്തനത്തിന് AMC നല്കിയിട്ടില്ലെങ്കിലും ആയത് സ്ഥാപിച്ച സ്ഥാപനങ്ങൾ സ്കൈവാക്കിന്റെ ആവശ്യഘട്ടങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളതാണ്. ആയതിന് തുക അനുവദിച്ചിട്ടില്ലാത്തതാണ്. 22/10/2025 തീയ്യതിയിലെ ബഹു.മേയറുടെ ചേംബറിൽ നടന്ന യോഗ തീരുമാന പ്രകാരം ശക്തൻ സ്കൈവാക്ക് കരാറെടുത്ത സ്ഥാപനത്തിന് 15 (പതിനഞ്ച്) ദിവസത്തിനകം ആയത് കൈമാറുന്ന സാഹചര്യം പരിഗണിച്ച് സ്കൈവാക്കിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കി 15 (പതിനഞ്ച്) ദിവസത്തിനകം കരാറുകാർക്ക് കൈമാറുന്നതിനും കുടിശ്ശിക ഉൾപ്പെടെ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് കൊടുക്കാനുള്ള തുക കൌൺസിൽ അജണ്ടയിൽവെച്ച് അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ആയതനുസരിച്ച് ശക്തൻ സ്കൈവാക്കിൽ എയർകണ്ടീഷണർ സ്ഥാപിച്ച ഇലക്ട്രോ വിഷൻ എന്ന സ്ഥാപനം എയർ കണ്ടീഷണറിൽ ഗ്യാസ് നിറച്ചതിന്റേയും 2 മീറ്റർ കോപ്പർ പൈപ്പ് മാറ്റി പുതിയത് സ്ഥാപിച്ചതിന്റേയും തുകയായ 38,500/- (മുപ്പത്തിയെട്ടായിരത്തി അഞ്ഞൂറ്) രൂപയുടെ അനുവദിക്കുന്നതിന് തീരുമാനിച്ചു.

39. **വിഷയം (ഫയൽ നമ്പർ - 4734236-2025)**

തൃശ്ശൂർ കോർപ്പറേഷൻ - വിൽവട്ടം സോണൽ - കാനയ്ക്ക് മുകളിൽ സ്ലാബിടുന്നതിന് അനുമതി നല്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ വിൽവട്ടം സോണൽ രാമവർമ്മപുരം ഡിവിഷൻ 06 പാടൂക്കാട് ജയിൽ ഡി.ഐ.ജി ഓഫീസിന് എതിർവശത്ത് ശ്രീ . ഇ.ആർ ബാബു , ഇമ്മട്ടി വീട് , പോട്ടോർ എന്നവരുടെ ഉടമസ്ഥതയിലുള്ള 8 സെന്റ് പുരയിടത്തിന്റെ മുന്നിലൂടെയുള്ള റോഡിന്റെ കോർപ്പറേഷൻ വക കാന പൊളിഞ്ഞു കിടക്കുന്നതുമൂലം അപേക്ഷകന്റെ പുരയിടത്തിലേക്ക് കാൽനടയായോ വാഹനത്തിലോ കടക്കാൻ കഴിയുന്നില്ലെന്നും, പ്രസ്തുത സ്ഥലത്ത് ആരംഭിക്കുന്ന സംരംഭത്തിന് access വേണമെന്നതിനാൽ അപേക്ഷകന്റെ സ്വന്തം ചിലവിൽ drainage പുന സ്ഥാപിച്ച് സ്ലാബിട്ട് മൂടുന്നതിനുള്ള അനുമതിക്കായി അപേക്ഷ ലഭിച്ചിട്ടുള്ളത് സോണൽ അസി.എഞ്ചിനീയർ തയ്യാറാക്കിയ ഡിസൈനോ , അപേക്ഷകൻ നൽകുന്ന ഡിസൈനോ പരിശോധിച്ച് നിലവിലെ drainage ന്റെ ഉള്ളളവ് കുറയാതെ 12.5m നീളത്തിൽ സോണൽ ഓഫീസ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ കോർപ്പറേഷൻ വാട്ടർ ലൈനുകൾക്കോ മറ്റ് സജ്ജീകരണങ്ങൾക്കോ തടസം സൃഷ്ടിക്കാതെയും, നാശ നഷ്ടം ഉണ്ടാക്കാതെയും നിർമ്മിക്കുന്നതിന് .കോർപ്പറേഷന്റേതായ എന്തെങ്കിലും നിർമാണങ്ങൾ ടി സ്ഥലത്ത് നടത്തേണ്ടതായ അവശ്യംവരുന്ന ഘട്ടത്തിൽ ടി സ്ലാബ്ബ് പൊളിച്ചു മാറ്റപ്പെടെണ്ടതാണെങ്കിൽ ആയത് സ്വന്തം ചെലവിൽ പൊളിച്ചുമാറ്റി നൽകേണ്ടതാണ് എന്ന വ്യവസ്ഥയോടെയും നിർമ്മാണ പ്രവർത്തനത്തിന് ടിയാന്റെ സ്വന്തം ചിലവിൽ ഡ്രെയിനേജ് പുനസ്ഥാപിച്ച് സ്ലാബിട്ട് മൂടുന്നതിനുള്ള അനുമതി നൽകുന്നതിന് തീരുമാനിച്ചു. ഇതിന്റെ തുടർ മേൽനേട്ട പ്രവർത്തനങ്ങൾക്കായി സൂപ്രണ്ടിംഗ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

40. **വിഷയം (ഫയൽ നമ്പർ - 1545523-2025)**

കോർപ്പറേഷൻ ഒല്ലൂർ മേഖല പരിധിയിലെ വിശുദ്ധ ഏവുപ്രാസ്യാമ്മയുടെ തീർത്ഥാടന കേന്ദ്രത്തിനു മുൻവശത്ത് സ്ഥാപിച്ചിരിക്കുന്ന നിലവിലെ സ്ട്രീറ്റ് ലൈറ്റ് മാറ്റി ഹൈ മാസ്റ്റ് /കൂടുതൽ പ്രകാശമുള്ള ലൈറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് സി എം ഒ പോർട്ടലിൽ സമർപ്പിക്കപ്പെട്ട അപേക്ഷ സംബന്ധിച്ച്

**തീരുമാനം**

1. കോർപ്പറേഷൻ ഒല്ലൂർ മേഖല പരിധിയിലെ വിശുദ്ധ ഏവുപ്രാസ്യാമ്മയുടെ തീർത്ഥാടന കേന്ദ്രത്തിനു മുൻവശത്ത് സ്ഥാപിച്ചിരിക്കുന്ന നിലവിലെ സ്ട്രീറ്റ് ലൈറ്റ് മതിയായ വെളിച്ചം നൽകുന്നില്ലായെന്നും ആയതു മാറ്റി പകരം ഹൈ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ട് ബഹു കേരള മുഖ്യമന്ത്രിയുടെ പരാതി പരിഹാര പോർട്ടലിൽ സമർപ്പിക്കപ്പെട്ട അപേക്ഷ പരിശോധിച്ചതിൽ കോർപ്പറേഷൻ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിരുന്നുയെങ്കിലും സ്ഥല ലഭ്യതയുടെ തർക്കമൂലമാണ് ഹൈമാസ്റ്റ് ലൈറ്റ് മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചത് എന്ന് മനസ്സിലാക്കുന്നു. നിലവിൽ കോർപ്പറേഷൻ സമ്പൂർണ്ണ എൽ,ഇ.ഡി വൽക്കരണത്തിന്റെ ഭാഗമായി ടി സ്ഥലവും പരിശോധിച്ച് ലൈറ്റ്കൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അപേക്ഷനെ അറിയിക്കുന്നതിന് തീരുമാനിച്ചു.

41. **വിഷയം (ഫയൽ നമ്പർ - 87265-2025)**

തൃശൂർ കോർപറേഷൻ വക ജയ്ഹിന്ദ് മാർക്കറ്റ് എ ബ്ലോക്ക് ബിൽഡിങ്ങിൽ 7 നമ്പർ കടമുറിയുടെ കച്ചവമാറ്റം അനുവദിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശൂർ കോർപറേഷൻ വക ജയ്ഹിന്ദ് മാർക്കററ് എ ബ്ലോക്ക് ബിൽഡിങ്ങിൽ 7 നമ്പർ റൂമിൻെറ ലൈസൻസി ശ്രീ വിജയൻ എന്നവർ നിലവിലെ കച്ചവടം ലാഭകരമല്ലാത്തതിനാൽ ടി മുറിയിൽ ഫാൻസിയോടൊപ്പം മൊബൈൽഫോൺ സെയിൽസും സർവ്വീസും എന്ന കച്ചവടം തുടങ്ങുന്നതിന് അനുമതിക്കായി അപേക്ഷയിൽ 30.07.2025 ലെ 40-ാം നമ്പർ ധനകാര്യ കമ്മിറ്റിയുടെ പ്രകാരം 21.10.2025 ലെ ധനകാര്യ കമ്മിറ്റിയിലെ സ്ഥല പരിശോധന റിപ്പോർട്ട് പ്രകാരം 3 മാസങ്ങളായി കച്ചവടമാറ്റം നടത്തിയിട്ടുള്ളതിനാൽ അനധികൃത കച്ചവടമാറ്റത്തിനുള്ള ഫൈൻ 5000 /- രൂപയും കച്ചവടമാറ്റ ഫീസും ഈടാക്കി ബൈലോ പ്രകാരം കച്ചവടമാറ്റം അനുവദിക്കുന്നതിന് തീരുമാനിച്ചു.

42. **വിഷയം (ഫയൽ നമ്പർ - 3969115-2025)**

കോർപറേഷൻ റവന്യൂ വിഭാഗം കച്ചവടമാറ്റം സംബന്ധിച്ച്

**തീരുമാനം**

1. **തൃശൂർ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള** AR **മേനോൻഷോപ്പിംഗ് കോം പ്ലക്സ്** ഫസ്റ്റ് ഫ്ലോറിലുള്ള **11 [3/2345/11] നമ്പർ മുറിയിൽ നിലവിൽ നടത്തിവന്നിരുന്ന TUITION CLASS മാറ്റി ഫാർമസി തുടങ്ങുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് നിലവിലെ ലൈസൻസിയായ ശ്രീമതി .മായ K G എന്നവർ സമർപ്പിച്ച അപേക്ഷ 03/10/25 തിയ്യതിയിലെ 33-ാം നമ്പർ തീരുമാന പ്രകാരം ധന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി സ്ഥല പരിശോധനക്ക് തീരുമാനിക്കുകയും 21.10.2025**

**ലെ തിയ്യതിയിൽ സ്ഥല പരിശോധന നടത്തിയിട്ടുള്ളതും മുറി നിലവിൽ പ്രവർത്തിക്കുന്നില്ലെന്നും അടഞ്ഞു കിടക്കുന്നതായി ബോധ്യപ്പെട്ടതായും കച്ചവടമാറ്റം അനുവദിക്കാവുനതാണ് എന്ന് റിപ്പോർട്ട് അടിസ്ഥാനത്തിലും നിലവിലെ ബൈലോ പ്രകാരം കച്ചവട കൈമാറ്റ ഫീസ് ഈടാക്കി കച്ചവടമാറ്റം അനുവദിക്കുന്നതിന് തീരുമാനിച്ചു.**

43. **വിഷയം (ഫയൽ നമ്പർ - 2352565-2025)**

അക്കൌണ്ട്സ് വിഭാഗത്തിൽ വരവ് ചിലവ് കണക്കുകൾ കൃത്യമാക്കുന്നതിന് സി എം എ ട്രയിനികളുടെയും ബൾബ് ജീവനക്കാരുടെയും സേവനം ലഭ്യമാക്കുന്നത് സംഭവിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷന്റെ അക്കൌണ്ട്സ് സംവിധാനം കെ സ്മാർട്ട് വഴിയാണ് രേഖപ്പെടുത്തുന്നത് . ഈ രീതിയിൽ എൻട്രികൾ വരുത്തുന്നതിനും ബാങ്ക് റീ കൺസിലിയേഷൻ നടത്തുന്നതിനും മറ്റും സാധാരണ രീതിയിൽ കൂടുതലായും സമയം ആവശ്യമായി വരുന്നുണ്ട് . ഒരു അക്കൌണ്ട്സ് ഓഫീസർക്കും, അക്കൌണ്ടന്റിനും മാത്രമായി ഇക്കാര്യം എളുപ്പത്തിലും കൃതിയതയോടെയും ചെയ്യുവാൻ പ്രയാസം നേരിടുന്നുണ്ട് . ഈ സാഹചര്യത്തിൽ ഈ വിഷയത്തൽ പ്രാവീണ്യമുള്ള എക്സപേർട്ടുകളെ ഉൾപ്പെടുത്തിയാണ് 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയത് .2025-2026 വർഷത്തെ വർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതിനും റീകൺസിലിയേഷൻ പ്രവർത്തികൾ മുന്നോട്ട് കൊണ്ട് പോകുന്നതിനുമായി ഇത്തരത്തിൽ പ്രാവീണ്യമുള്ള അക്കൌണ്ടന്റ് കം ഐ ടി എക്സപേർട്ടിന്റെ സേവനം ഉപയോഗപ്പെടുത്തുന്നത് കണക്കുകളുടെ കൃത്യത ഉറപ്പു വരുത്തുന്നതിനും , സമയംബന്ധിതമായി ബഡ്ജറ്റ് തയ്യാറാക്കൽ, ധനകാര്യ പത്രിക തയ്യാറാക്കൽ എന്നിവയ്ക്കും വളരെ ഉപകാരപ്രദമാകും എന്ന് വിലയിരുത്തുന്നു. ഈ സഹചര്യത്തിൽ അക്കൌണ്ടന്റ് കം ഐ ടി എക്സപേർട്ടിന് സേവനം സർക്കാർ നിരക്കിലുള്ള താൽക്കാലിക വേതനം നൽകി 2026മാർച്ച് മുതൽ മൂന്ന് മാസകാലത്തേക്ക് താൽക്കാലികമായി ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുമന്നതിന് തീരുമാനിച്ചു.
   തുടർന്നുള്ള മാസങ്ങളിൽ മാസത്തിൽ പരമാവധി10 ദിവസത്തേക്ക് അനുവദനീയമായ ദിവസവേതന നിരക്കിൽ ടി ആളുകളുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് തീരുമാനിച്ചു. മേൽ കാര്യങ്ങളിൽ ആവശ്യമായി നടപടി സ്വീകരിക്കുന്നതിന് അക്കൌണ്ട്സ് ഓഫീസറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

44. **വിഷയം (ഫയൽ നമ്പർ - 1731462-2024)**

തൃശ്ശൂർ കോർപ്പറേഷൻ ആരോഗ്യ വിഭാഗം - ബഹു മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**ചർച്ച**

Raghunath C Menon വാർഡ് - 1 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Krishnamohan A V വാർഡ് - 3 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Padmini Shaji വാർഡ് - 43 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Vinshy Arunkumar വാർഡ് - 40 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Vinod Krishna വാർഡ് - 38 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

Mumdas Chinju വാർഡ് - 35 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു.

**തീരുമാനം**

1. ശക്തൻ OWC PLANT ന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ഇനോകുലം , ചകിരി ചോറ് , മറ്റ് അടിയന്തിര ആവശ്യങ്ങൾ ഉള്ളതിനാൽ IMPREST അനുവദിക്കുന്നതിന് ശക്തൻ സർക്കിൾ SPHI അപേക്ഷ സമർപ്പിച്ചത് പരിഗണിച്ച് ബഹു മേയർ 24/7/2024 നു ഇമ്പ്രെസ്റ് ഫണ്ട് അനുവദിക്കുന്നതിന് മുൻകൂർ അനുമതി നൽകിയിട്ടുള്ളതാണ് . ആയതു പ്രകാരം ശ്രീ. ജഗന്നാഥ്, SPHI എന്നവർക്ക് മുൻകൂറായി 50,000/- രൂപ അനുവദിച്ചിട്ടുള്ളതാണ് . ബഹു മേയറുടെ മുൻകൂർ അനുമതി ഭൂരിപക്ഷ തീരുമാനപ്രകാരം സാധൂകരിക്കാൻ തീരുമാനിച്ചു.

45. **വിഷയം (ഫയൽ നമ്പർ - 1181362-2024)**

തൃശ്ശൂർ കോർപ്പറേഷൻ- മരാമത്ത് വിഭാഗം-കുരിയച്ചിറയിൽ വലിയ മൃഗങ്ങളെ സംസ്കരിക്കുന്നതിനായി അനിമൽ ക്രെമിറ്റോറിയം സ്ഥാപിക്കുന്നത്-സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ 2024 -25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 1869/25 നമ്പർ പദ്ധതി പ്രകാരം അനിമൽ ക്രെമിറ്റോറിയം ചേംബർ ചെറുത് നിർമ്മാണം എന്ന പദ്ധതിക്ക് 22/08/2024 ൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമായിട്ടുള്ളതാണ്. ഇത് നടപ്പിലാക്കുന്നതിന് താത്പര്യ പത്രം ക്ഷണിച്ചതിൽ 3 സ്ഥാപനങ്ങൾ പങ്കെടുക്കുകയും ടി സ്ഥാപനങ്ങളെ പ്രസന്റേഷനുവേണ്ടി ക്ഷണിക്കുകയും ചെയ്തിരുന്നു. ഇവരുടെ പ്രസന്റേഷനിൽ തൃപ്തികരമായ ഒരു പ്രൊപോസലും ലഭിച്ചില്ല. എന്നാൽ M/s Essco furance Pvt Ltd എന്ന സ്ഥാപനം സൈസ് കുറച്ച പ്രസന്റ് ചെയ്യാമെന്ന് അറിയിച്ചുകൊണ്ട് കത്ത് നൽകിയിട്ടുള്ളതാണ്. M/s Essco Furance Pvt Ltd എന്ന സ്ഥാപനം സമർപ്പിച്ച കത്തു പ്രകാരം തുടർ നടപടികൾ സാധ്യമാണെന്ന് കരുതുന്നില്ലെന്നും ശുചിത്വ മിഷൻ അംഗീകരിച്ചിട്ടുള്ള, എംപാനൽ ചെയ്ത ഏജൻസികളിൽ നിന്നും ലിമിറ്റഡ് ടെണ്ടർ വിളിക്കുന്നതിനാണ് ശുപാർശ ചെയ്തിരുന്നത് എന്നും എന്നാൽ അനിമൽ ക്രെമിറ്റോറിയത്തിനു ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഇല്ലാത്തതിനാലും .ആവശ്യമായ specification ലഭ്യമല്ലാത്തതിനാലും കോർപ്പറേന് ആവശ്യമായ സംഗതികൾ കാണിച്ചുകൊണ്ട് ഒരു താത്പര്യപത്രം ക്ഷണിക്കുന്നതിന് തീരുമാനിച്ചു. ഇക്കാര്യത്തിലേക്ക് EE1 നെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

46. **വിഷയം (ഫയൽ നമ്പർ - 5596560-2025)**

തൃശൂർ കോർപ്പറേഷൻ- പൊതുജനാരോഗ്യവിഭാഗം- നെഹ്റു പാർക്ക് - Broad Band Connection - അനുവദിച്ച് നൽകുന്നത് സംബന്ധിച്ച്.

**തീരുമാനം**

1. തൃശൂർ കോർപ്പറേഷൻ, നെഹ്റു പാർക്കിലേക്ക് അനുവദിച്ചിരിക്കുന്ന കമ്പ്യൂട്ടർ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുതിന്, internet connection ആവശ്യമായതിനാൽ Broad Band connection അനുവദിക്കുന്നതിന് തീരുമാനിച്ചു.

47. **വിഷയം (ഫയൽ നമ്പർ - 477084-2026)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - പൊതുഭരണ വിഭാഗം - പി എ ടു മേയർ തസ്തികയിൽ ജീവനക്കാരനെ താല്കാലിക ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നത് - അനുമതി സംബന്ധിച്ച്

**തീരുമാനം**

1. ബഹു.മേയറുടെ ചേമ്പറിന്റെ ചുമതലകൾ സുഗമമായും തൃപ്തികരമായും നിർവ്വഹക്കുന്നതിന് മേയറുടെ പേഴ്സണൽ അസിസ്റ്റന്റായി ശ്രീ.സുനിൽരാജ് എന്നവരെ 29/12/2025 മുതൽ താല്ക്കാലിക ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് തീരുമാനിച്ചു.

48. **വിഷയം (ഫയൽ നമ്പർ - 3547845-2025)**

തൃശ്ശൂർ കോർപ്പറേഷൻ റെവന്യു വിഭാഗം ( R7 ) - പുതിയ നടുവിവാൽ ഷോപ്പിങ്ങ് കോംപ്ളക്സിലെ 36/3947 ( OLD 25/1049/B9) നമ്പർ കെട്ടിട മുറിയിൽ കച്ചവട മാറ്റം അനുവദിക്കുന്നത് സംബന്ധിച്ച്.

**തീരുമാനം**

1. *തൃശ്ശൂർ കോർപ്പറേഷൻ - നടുവിലാൽ ഷോപ്പിങ്ങ് കോംപ്ളക്സിലെ 36/3947 ( OLD 25/1049/B9) നമ്പർ കെട്ടിടം ശ്രീ മനേഷ്.കെ.ബി, കരാംചിറ ഹൌസ് എന്നവർക്ക് വാടകക്ക് നൽകിയിട്ടുള്ളതാണ്. നിലവിൽ ടി കെട്ടിട മുറി ഐസ്ക്രീം പാർലർ നടത്തി വരുകയാണ്. കച്ചവടം നഷ്ടമായതിനാൽ ടി കച്ചവടം മാറ്റി ജ്യോതിഷം തുടങ്ങുന്നതിനായുള്ള അനുമതി നൽകുന്നതിന് അപേക്ഷ സമർപ്പിച്ചത് ധനകാര്യ സമിതിയുടെ 03-11-2025 തിയ്യതിയിലെ 31-ാം നമ്പർ തീരുമാനപ്രകാരം ബൈലോ അനുസരിച്ച് കച്ചവടമാറ്റം അനുവദിക്കുന്നതിന് ശുപാർശ ചെയ്ത പ്രകാരം കച്ചവടമാറ്റം അനുവദിക്കുന്നതിന് തീരുമാനിച്ചു.*

49. **വിഷയം (ഫയൽ നമ്പർ - 1618263-2024)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ നഗരാസൂത്രണം വിഭാഗം KL -08 -BY-9505 നമ്പർ വാഹനത്തിന്റെ അറ്റകുറ്റപണികൾ നടത്തുന്നത്- ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്.

**ചർച്ച**

Padmini Shaji വാർഡ് - 43 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു

Raghunath C Menon വാർഡ് - 1 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു

Krishnamohan A V വാർഡ് - 3 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു

Vinshy Arunkumar വാർഡ് - 40 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു

Vinod Krishna വാർഡ് - 38 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു

Mumdas Chinju വാർഡ് - 35 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തുന്നു

**തീരുമാനം**

1. തൃശൂർ മുനിസിപ്പൽ കോർപറേഷൻ വക KL-08-BY-9505 നമ്പർ ഇന്നോവ വാഹനത്തിന്റെ (ബഹു.മേയറുടെ ഔദ്യോഗിക വാഹനം) സർവ്വീസ് അറ്റകുറ്റപണികൾക്കായി NIPPON MOTOR CORPORATION (P) LTD എന്ന സ്ഥാപനത്തിന്റെ 27373/- രൂപയുടെ എസ്റ്റിമേറ്റ് 29/10/2025 തിയതിയിലെ ബഹു.മേയറുടെ മുൻകൂർ അനുമതിയോടെ അംഗീകരിച്ച നടപടിയും, അറ്റകുറ്റപണികൾ നടത്തിയ വകയിൽ 27373/- രൂപ ബഹു.മേയറുടെ 05/12/2025 തിയതിയിലെ മുൻകൂർ അനുമതി പ്രകാരം നൽകിയ നടപടിയും ഭൂരിപക്ഷ തീരുമാന പ്രകാരം സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

50. **വിഷയം (ഫയൽ നമ്പർ - 5964099-2025)**

തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ -പൊതുജനാരോഗ്യ വിഭാഗം - പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷനിലെ പൊതുജനാരോഗ്യവിഭാഗത്തിൽ 5-ാം സർക്കിളിൽ സാനിറ്റേഷൻ ജീവനക്കാരനായ ശ്രീ.എം.എ.ജോയ് എന്നവർ **24/05/2005** ന് ജോലിയിൽ പ്രവേശിച്ചതും **31.12.2025** ന് സർവ്വീസിൽ നിന്നും വിരമിച്ചിട്ടുളളതാണ്..ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 21/01/2026 തീയതിയിലെ KSA (TSC) 8-10/2026 നമ്പർ കത്ത് പ്രകാരം ഓഡിറ്റ് വിഭാഗം അംഗീകരിച്ചിട്ടുള്ളതാണ്.താഴെ പറയുന്ന പെൻഷനും പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് തീരുമാനിച്ചു.
   - 01.01.2026 മുതൽ അനുവദിക്കേണ്ട പെൻഷൻ-**16230/-**
   - കമ്മ്യൂട്ടേഷൻ തുക -**764239/-**
   - കമ്മ്യൂട്ടേഷനു ശേഷം അനുവദിക്കാവുന്ന പെൻഷൻ-**9738/-**(01/01/2026 മുതൽ 31/12/2035 വരെ )
   - ഡി.സി.ആർ.ജി ഇനത്തിൽ അനുവദിക്കാവുന്ന തുക -**598227/-**
   - ഫാമിലി പെൻഷൻ **HR=16230/-**(16.12.2032 വരെ)
     **NR= 14010/-**(17/12/2032 മുതൽ )

51. **വിഷയം (ഫയൽ നമ്പർ - 3200137-2025)**

തൃശ്ശൂർ കോർപ്പറേഷൻ - ജല വിതരണ വിഭാഗം - അമൃത് പദ്ധതിയിൽ കുടിവെള്ള കണക്ഷൻ അനവദിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. കേരള ജല അതോറിറ്റി അസി.എക്സി.എഞ്ചിനീയർ തൃശ്ശൂർ ന്റെ 07/11/2025 ലെ KWA/WWS/TSR/D6-5269/2017 Vol.II കത്ത് പ്രകാരം തൃശ്ശൂർ കോർപ്പറേഷൻ 48-ആം ഡിവിഷനിൽ പുതൂർക്കര രേവതി മൂലക്ക് സമീപം പുതിയതായി വീട് നിർമ്മാണം പൂർത്തീകരിച്ച് താമസം തുടങ്ങിയവർക്ക് കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിനായി ടിയാളുകൾ വാട്ടർ അതോറിറ്റിയിൽ സമർപ്പിച്ച അപേക്ഷ അയച്ചു നൽകിയിട്ടുണ്ട്. തദ്ദേശവാസികൾ സമർപ്പിച്ച അപേക്ഷ പ്രകാരം, അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള പൈപ്പ് ലൈൻ നീട്ടി കണക്ഷനുകൾ നൽകുന്നതിന് തീരുമാനിച്ചു.

52. **വിഷയം (ഫയൽ നമ്പർ - 1478923-2024)**

ശ്രീമതി .ലിജി ജോസ്, കുരുതുകുളങ്ങര വീട് ,പുല്ലഴി എന്നവരെ കൈപ്പറ്റിയ തു കയും 9 %പലിശയും ഉൾപ്പടെ തിരികെ അടച്ചു പദ്ധതിയിൽ നിന്നും ഒഴിവാക്കു ന്നതിനു ള്ള അപേക്ഷ

**തീരുമാനം**

1. PMAY (U )ലൈഫ് അഞ്ചാമത്തെ DPR ഗുണഭോക്താവായ ശ്രീമതി.ലിജി ജോസ്, കുരുതുകുളങ്ങര വീട്, പുല്ലഴി എന്നവർ വീട് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും, 4 ലക്ഷം രൂപ കൈപ്പറ്റിയിട്ടുള്ളതുമാണ്. ഭർത്താവ് മരണപ്പെട്ടെന്നും 15 ലക്ഷം രൂപ കടം വന്നിട്ടുണ്ടെന്നും കുട്ടികളെ പഠിപ്പിക്കാനുള്ള സാഹചര്യമില്ലെന്നും സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ വീട് വിൽക്കേണ്ട അവസ്ഥയാണുള്ളതെന്നും പദ്ധതിയിൽ നിന്നും ഒഴിവാക്കി 4 ലക്ഷം രൂപ പലിശ ഒഴിവാക്കി തരണമെന്നും വീട് വിൽക്കുന്നതിനുള്ള നടപടികൾ ചെയ്തു നൽകണമെന്നും കാണിച്ചു കൊണ്ട് 13/02/2024 തിയതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൽ 5167/N2017/KSHO തീയതി 03-10-2023 സർക്കുലർ പ്രകാരം മേൽ നടപടി സ്വീകരിച്ചു വന്നിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധന സഹായത്തോടെ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് ഒഴിച്ചു കൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് വിൽക്കേണ്ടി വരുമ്പോൾ കൈപ്പറ്റിയ തുകയും 9% പലിശയും ഉൾപ്പടെ തിരികെ അടച്ച് ബഹു.ജില്ലാ കലക്ടർ അദ്ധ്യക്ഷനായ ജില്ലാതല സമിതിയുടെ അനുമതി പ്രകാരം പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിന് 01.07.2024 തിയ്യതിയിലെ തദ്ദേശ സ്വയം ഭരണ (സി ഇ ) വകുപ്പ്.സ.ഉ (സാധാ) നം.1185/ 2024/ LSGD നമ്പർ പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.മേൽ സാഹചര്യം പരിഗണിച്ചു ശ്രീമതി.ലിജി ജോസ്, കുരുതുകുളങ്ങര വീട്, പുല്ലഴി എന്നവരെ കൈപ്പറ്റിയ തുകയും 9 % പലിശയും ഉൾപ്പടെ തിരികെ അടച്ചു പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിന് 10 .11. 2025 തിയ്യതിയിലെ ബഹു ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റിയുടെ 1 നമ്പർ ശുപാർശ പ്രകാരം 4 ലക്ഷം രൂപ 9% പലിശയും ഉൾപ്പടെ തിരികെ അടച്ചു ശ്രീമതി.ലിജി ജോസ്, കുരുതുകുളങ്ങര വീട്, പുല്ലഴി എന്നവരെ പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

53. **വിഷയം (ഫയൽ നമ്പർ - 6260383-2025)**

തൃശ്ശൂർ കോർപ്പറേഷൻ- ഡിവിഷൻ 16- മുല്ലക്കര മുളയം കുടിവെള്ള പദ്ധതിയുടെ സമർപ്പണം- മുന്കൂവർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ- ഡിവിഷൻ 16- മുല്ലക്കര മുളയം കുടിവെള്ള പദ്ധതിയുടെ സമർപ്പണം- 06.11.2025 നു ബഹു.റവന്യൂ-ഭവന നിർമ്മാണ വകുപ്പ് മന്ത്രി അഡ്വ.കെ.രാജൻ നിർവ്വഹിച്ചിട്ടുള്ളതാണ്. ഇതു സംബന്ധിച്ച ക്രമീകരണങ്ങൾ നടത്തുന്നതിന് ഒല്ലൂക്കര സോണൽ ഓവർസിയറെ ചുമതലപ്പെടുത്തിയും, മുൻകൂർ തുക അനുവദിക്കുന്നതിനും ബഹു. മേയർ 05.11.2025 തിയതിയിൽ അനുമതി നൽകിയിട്ടുള്ളതാണ്. ആയതിന്റെയടിസ്ഥാനത്തിൽ ഒല്ലൂക്കര സോണൽ ഓവർസീയർ ശ്രീമതി.സോന എന്നവർക്ക് 75,000/- രൂപ തനതു ഫണ്ടിൽ നിന്നും മുൻകൂർ അനുമതി സാധുകരിക്കാൻ തീരുമാനിച്ചു.

54. **വിഷയം (ഫയൽ നമ്പർ - 6679013-2025)**

TSR CORPORATION-D-39-KSRTC ROAD-INTER LOCK TILE PAVING p.no.2129/25-Revised estimate നു അംഗീകാരം ലഭ്യമാക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. TSR CORPORATION-D-39-KSRTC ROAD-INTER LOCK TILE PAVING-p.no.2129/25-എന്ന പ്രവൃത്തിക്കു 57,00,000/- രൂപയുടെ സാങ്കേതികനുമതി ലഭ്യമായിട്ടുള്ളതാണ് .പദ്ധതി നിർവ്വഹണവേളയിൽ പഴയ ടാറിങ് പരിശോധിക്കുമ്പോൾ WBM Metalling 12 Cm മുതൽ 15 Cm കനത്തിലാണ് കണ്ടെത്തിയത് .റോഡിന്റെ ചില ഭാഗങ്ങളിൽ കുഴികൾ കാണുകയും കിണർ രൂപപ്പെടുകയും ചെയ്തു ഹെവി ട്രാഫിക് ഉള്ള ടി റോഡിൽ പ്രതലം ബലപ്പെടുത്തണമെന്ന മേലുദ്യോഗസ്ഥരുടെ നിർദേശപ്രകാരം subgrade ,subbase, base layer എന്നിവ നല്കി ബലപ്പെടുത്തുന്നതിന് തീരുമാനിച്ചു .ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായി 11.4.1.1 p.c.c, 12.7 steel 12.5.3 R.C.C ,old material filling site, 4.9 wet mix, quarry muck,dismantling എന്നീ അധിക ഇനങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടിവന്നു koodathe edge beams,intermediate

beams,എന്നിവയും സെറ്റിൽമെന്റ് ഉണ്ടാകാതിരിക്കാൻ കിണറിന് മുകളിൽ beam,slab എന്നിവയും നല്കേണ്ടതായി വന്നു .പദ്ധതിയുടെ തൃപ്തികരമായ പൂർത്തീകരണത്തിനായി ഒറിജിനൽ എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ തയ്യാറാക്കിയ revised എസ്റ്റിമേറ്റ് അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

55. **വിഷയം (ഫയൽ നമ്പർ - 4242494-2025)**

വാർഷിക പദ്ധതി 2025-26 - എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള അനുമതി -സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ കൂർക്കഞ്ചേരി സോണലിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ -2 നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവൃത്തിയുടെ തൃപ്തികരമായ പൂർത്തീകരണത്തിന് എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ modifiedpenetration മെക്കാഡം,tack coat,MSS എന്നിവ ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത് ശാന്തിനഗർ റോഡിൽ kwa റോഡ് കട്ടിങ് നടത്തി റെസ്റ്റോറേഷൻ ചെയ്തിരുന്നെങ്കിലും പ്രെവൃത്തി നടത്താനായി പരിശോധിച്ചപ്പോൾ പല ഭാഗങ്ങളിലുംsettle ആയി undulation കണ്ടതിനാൽ പ്രെവർത്തി തൃപ്തികരമായി പൂർത്തീകരിക്കുവാൻ താഴ്ന്നു പോയഭാഗങ്ങൾ ലെവൽ ചെയ്ത ടാർ ചെയ്യേണ്ടതിനാൽ എസ്റ്റിമേറ്റ് ക്വാണ്ടിറ്റി യെക്കാൾ 25% കൂടുതൽ വരുന്നതിനാൽ RE വേണ്ടിവരുന്നതാണ്. മാറ്റങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് താഴെ പറയുന്ന പ്രകാരം അനുമതി നൽകുന്നതിന് തീരുമാനിച്ചു.

| **file no** | **proj.no** | **name of work** | **AS AMOUNT** | **QUOTED AMOUNT** | **NAME OF CONTRACTOR** | **RE** |
|---|---|---|---|---|---|---|
| 4615817-2025 | 328/26 | DIVISHAN-43 RETARRING-SANTHINAGAR ROAD' GURUNIKETHAN ROAD BILANE HEALTHCENTRE OPPOSITE ROAD HERBERT CENTRE BILANE , | 15,90,000/- | 12,58,619/- | SAMSON SHAJU | |
| | | | | | | |

56. **വിഷയം (ഫയൽ നമ്പർ - 5505916-2025)**

തൃശ്ശൂർ കോർപ്പറേഷൻ- 2024-25 വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയത് അംഗീകരിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ- അക്കൌണ്ട്സ് വിഭാഗം - തൃശ്ശൂർ കോർപ്പറേഷന്റെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയത് താഴെ പറയുന്ന പ്രകാരം അംഗീകരിക്കുന്നതിന് തീരുമാനിച്ചു.
Annual Financial Statement-2024-25

| Opening Balance | Receipt | Total | payment | Closing Balance |
|---|---|---|---|---|
| 110884844 | 3260394800 | 4369243214 | 2967125901 | 1402117313 |

.

57. **വിഷയം (ഫയൽ നമ്പർ - 5571925-2025)**

തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ - മരാമത്ത് വിഭാഗം - ബഹു.മേയർ നല്കിയ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ പഴയ മുനിസിപ്പൽ പ്രദേശത്തെ കുടിവെള്ള കണക്ഷനുകളുടെ മീറ്ററുകൾ വെറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിന്റെ ഉദ്ഘാടനം 05/11/2025 തീയതി 11 മണിക്ക് ബഹു. എം എൽ എ ശ്രീ, പി ബാലചന്ദ്രൻ നിർവ്വഹിച്ചിട്ടുള്ളതാണ്. ആയതിന്റെ ക്രമീകരണങ്ങൾക്ക് അസിസ്റ്റന്റ് എൻജിനീയർ ശ്രീ.നിഷാന്ത്.പി.എസ് എന്നവർക്ക് അഡ്വാൻസ് ആയി 25,000/- രൂപ ബഹു മേയറുടെ നിർദ്ദേശ പ്രകാരം അനുവദിച്ചു നല്കിയിട്ടുള്ളതാണ്. ബഹു മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

58. **വിഷയം (ഫയൽ നമ്പർ - 2619871-2024)**

തൃശ്ശൂർ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതി (2022-2023) യിലൂടെ തൃശൂർ കോർപ്പറേഷനിലെ 9 ജംഗ്ഷനുകളിൽ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ലഭ്യമായ ബഹു മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**ചർച്ച**

Vinod Krishna വാർഡ് - 38 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തിയിരിക്കുന്നു

Raghunath C Menon വാർഡ് - 1 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തിയിരിക്കുന്നു

Krishnamohan A V വാർഡ് - 3 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തിയിരിക്കുന്നു

Padmini Shaji വാർഡ് - 43 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തിയിരിക്കുന്നു

Vinshy Arunkumar വാർഡ് - 40 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തിയിരിക്കുന്നു

Mumdas Chinju വാർഡ് - 35 (വിയോജിച്ചു):

ഈ അജണ്ടയിൽ വിയോജനം രേഖപ്പെടുത്തിയിരിക്കുന്നു

**തീരുമാനം**

1. ബഹു തൃശ്ശൂർ നിയോജകമണ്ഡലം എം എൽ എ ശ്രീ ബാലചന്ദ്രൻ പി അവർകളുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ 9 സ്ഥലങ്ങളിൽ ഹൈ മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് (പ്രോജക്റ്റ് നമ്പർ- 19787) പരിഷ്കരിച്ച തുകയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിലേക്കായി ബഹു മേയറുടെ മുൻകൂർ അനുമതിയോടെ ബഹു ജില്ലാ കളക്ടർക്ക് കത്ത് നൽകുകയും LSGD/JD/TSR/13920/2023-F5 Dt-25.06.2025 നമ്പർ പ്രകാരം ഭരണാനുമതി ഭേദഗതി ചെയ്ത് ലഭ്യമായിട്ടുള്ളതുമാണ്. ബഹു മേയറുടെ മുൻകൂർ അനുമതി ഭൂരിപക്ഷ തീരുമാന പ്രകാരം സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

59. **വിഷയം (ഫയൽ നമ്പർ - 151585-2025)**

തൃശ്ശൂർ കോർപ്പറേഷൻ -രാമവർമ്മ പുരത്ത് പ്രവർത്തിച്ച് വരുന്ന ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ അധ്യാപിക ശ്രീമതി ധന്യ പി ബി എന്നവരുടെ കരാർ കാലാവധി പുതുക്കുന്നത്- സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷന്റെ കീഴിലുള്ള രാമവർമ്മപുരത്ത് പ്രവർത്തിക്കുന്ന ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ അധ്യാപികയായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി. ധന്യ.പി.ബി എന്നവരുടെ സേവന കാലാവധി 22/02/2026 ന് അവസാനിക്കുകയാണ്. തുടർന്നും സേവനം പുതുക്കി നൽകുന്നതിന് അധ്യാപിക അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ് . ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ ആയതിനാൽ അത്യാവശ്യമായി അധ്യാപികയുടെ സേവനം ആവശ്യമായതിനാൽ ഒരു ദിവസം ബ്രേക്ക് നൽകി തുടർ സേവനക്കാലവധി പുതുക്കി നൽകുന്നതിന് തീരുമാനിച്ചു.

60. **വിഷയം (ഫയൽ നമ്പർ - 2592204-2024)**

തൃശ്ശൂർ കോർപ്പറേഷൻ റവന്യുവിഭാ ഗം - മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധി ച്ച്

**തീരുമാനം**

1. 2024-2025 വർഷത്തെ നികുതി പിരിവിന്റെ ഭാഗമായി ഒല്ലൂർ സോണൽ പരിധിയിലെ ഡിവിഷനുകളിൽ ക്യാമ്പ് നടത്തുന്നതിന് ബഹു.മേയറുടെ 19.11.2024, 13.02.2025 എന്നീ തിയ്യതികളിലെ മുൻകൂർ അനുമതിയുടെ അടിസ്ഥാനത്തിൽ 25000/-രൂപ വീതം അഡ്വാൻസ് തുക 19.11.2024, 13.02.2025 എന്നീ തിയ്യതികളിൽ റവന്യൂ ഇൻസ്പെക്ടർ ശ്രീ PRATHEESH.E.R എന്നവർക്ക് അനുവദിച്ചിട്ടുള്ളതാണ്. ബഹു.മേയറു ടെ 19.11.2024, 13.02.2025 എന്നീ തിയ്യതികളി ലെ മുൻകൂർ അനുമതി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

61. **വിഷയം (ഫയൽ നമ്പർ - 1722128-2024)**

തൃശ്ശൂർ കോർപ്പറേഷൻ - വിൽവട്ടം സോണൽ - വാർഷിക പദ്ധതി - ടെണ്ടർ സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ 2025-26 വാർഷിക പദ്ധതിയിലുൾപ്പെടുത്തി എക്സിക്യൂട്ടീവ് എഞ്ചിനീയർ 2 നിർവ്വഹണ ഉദ്യോഗസ്ഥയായിട്ടുള്ള പ്രോ,നം . 1337/26 ' തൃശ്ശൂർ കോർപ്പറേഷൻ 2024-25 ഡിവിഷൻ-09 വിൽവട്ടം സോണൽ കല്ലടിമൂല SC കമ്മ്യൂണിറ്റി ഹാൾ അറ്റകുറ്റപണികൾ റോഡ് മെയിന്റ്നൻസ് ' എന്ന പ്രവ്യത്തിയുടെ ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയ നിരക്ക് പ്രകാരം L 1 കരാറുകാരനായ ശ്രീ. അഖിൽ ശശി എന്നവരും , L 2 കരാറുകാരനായ ശ്രീ.സുരേഷ് ടി എൻ എന്നവരുമാണ്. എന്നാൽ L 2 കരാറുകാരനായ ശ്രീ.സുരേഷ്.ടി.എൻ എന്നവരുടെ ടെണ്ടർ അംഗീകരിച്ചതായിട്ടാണ്. L 2 കരാറുകാരനായ ശ്രീ.സുരേഷ്.ടി.എൻ എന്നവരുടെ കരാറുക്കാരന്റെ കൌൺസിലിന്റെ 22/04/2025 തിയതിയിലെ 6/1 നമ്പർ തീരുമാനം റദ്ദ് ചെയ്യുന്നതിനും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ L 1 കരാറുകാരനായ ശ്രീ.അഖിൽ ശശി എന്നവരുടെ പേരിൽ ടെണ്ടർ അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

62. **വിഷയം (ഫയൽ നമ്പർ - 752065-2026)**

സ്ത്രീ സുരക്ഷാ പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശൂർ കോർപറേഷൻ സ്ത്രീ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനായി സേവന സോഫ്റ്റ്‌വെയറിൽ സമർപ്പിച്ച 1490 അപേക്ഷകളിൽമേൽ വെരിഫിക്കേഷൻ പൂർത്തീകരിച്ച അപേക്ഷകൾ കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിച്ചത് 06.02.2026 കൂടിയ അടിയന്തിര കൌൺസിലിന്റെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ് .

63. **വിഷയം (ഫയൽ നമ്പർ - 19970-2026)**

ജി 16- ഇലക്ഷൻ-പുതിയ ഭരണ സമിതി അംഗങ്ങളുടെ സത്യപ്രതിജ്ഞ ചടങ്ങ് - ബഹു മേയറുടെ മുൻക്കൂർ അനുമതി സാധൂക്കരിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. 21.12.2025 ന് നടന്ന പുതിയ ഭരണ സമിതി അംഗങ്ങളുടെ സത്യപ്രതിജ്ഞ, 26.12.2025 നടന്ന ബഹു.മേയർ, ഡെപ്യൂട്ടി മേയർ തിരഞ്ഞെടുപ്പ്, തുടർന്നുള്ള സത്യപ്രതിജ്ഞ എന്നിവയുമായി ബന്ധപ്പെട്ട് കൌൺസിലേഴ്സ്, മാധ്യമപ്രവർത്തകർ, പൊതു പ്രവർത്തകർ, ജീവനക്കാർ എന്നിവർക്ക് ചായ, സ്നാക്കസ് , ഉച്ചഭക്ഷണം എന്നിവ നൽകിയ വകയിയിലും കോർപ്പറേഷൻ കൌൺസിൽ ഹാളും കോർപ്പറേഷൻ കോമ്പൌണ്ടും അലങ്കരിച്ചതുമായി ബന്ധപ്പെട്ടും താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ബില്ല് തുക അനുവദിച്ച ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

| **ക്രമ നമ്പർ** | **സ്ഥാപനം** | **ബിൽ നമ്പർ , തിയ്യതി** | **വിവരണം** | **തുക** |
|---|---|---|---|---|
| 1 | കഫേ കുടുംബശ്രീ | 589,21.12.2025 | 1000 ചായ(12000) , 2000 ബിസക്കറ്റ് (4000) | 16000 |
| 2 | സ്മാർട്ട് ഷെഫ് | ബിസി43/25-26,21.12.2025 | കോഫി-150(3750), ഉച്ചഭക്ഷണം 250 പേർക്ക് (57500) | 64312 |

| | | | | |
|---|---|---|---|---|
| 3 | കഫേ കുടംബശ്രീ | 590,26.12.2025 | രാവിലെ 200 ചായ(2400) , 400 ബിസക്കറ്റ് (800), ഉച്ചയക്ക് ശേഷം - ചായ് സ്നാക്ക്സ് | 7360 |
| 4 | സ്മാർട്ട് ഷെഫ് | ബിസി 44/25-26,26.12.2025 | കോഫി-125 (3125), ഉച്ചഭക്ഷണം 230 പേർക്ക് (34500) | 39506 |
| 5 | കൊക്കൻസ് ബേക്കറി | 83101,21.12.2025 | 170 ബോക്സ് | 7480/- |
| 6 | സിറ്റി ഫ്ലവേഴ്സ് | 971/22.12.25 | 21.12.25 ലെ ഡെക്കറേഷൻ | 23850/- |
| 7 | സിറ്റി ഫ്ലവേഴ്സ് | 1192,29.12.25 | 26.12.25 ലെ ഡെക്കറേഷൻ | 29750/- |

64. **വിഷയം (ഫയൽ നമ്പർ - 888889-2026)**

M/s Reliance Jio Infocomm Ltd. M/s Digital Fiber Pvt Ltd എന്നീ കമ്പനികൾ പോളുകൾ സ്ഥാപിച്ച് ടെലികമ്യൂണിക്കേഷൻ കേബിളുകൾ വലിക്കുന്നതിന് ഫീസ് നിശ്ചയിച്ചതുമായി ബന്ധപ്പെട്ട് ബഹു. കേരള WP(C) No. 39409/2022, WP(C) No. 39623/2022 കേസുകളിൽ തർക്ക പരിഹാരത്തിനായി കരാർ പ്രകാരമുള്ള ഹൈ ലെവൽ കമ്മറ്റി പുനർ രൂപീകരിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. M/s Reliance Jio Infocomm Ltd. M/s Digital Fiber Pvt Ltd എന്നീ കമ്പനികൾ പോളുകൾ സ്ഥാപിച്ച് ടെലി കമ്യൂണിക്കേഷൻ കേബിളുകൾ വലിക്കുന്നതിന് ഫീസ് നിശ്ചയിച്ചതുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 39409/2022, WP(C) No. 39623/2022 നമ്പർ കേസുകളിൽ തർക്ക പരിഹാരത്തിനായി കരാർ പ്രകാരമുള്ള ഹൈ ലെവൽ കമ്മറ്റി രൂപീകരിക്കുന്നതിനു കോർപ്പറേഷനോടും ഇപ്രകാരം രൂപീകരിക്കുന്ന ഹൈ ലെവൽ കമ്മറ്റി മുൻപാകെ തർക്ക വിഷയം ഉന്നയിച്ച് പരിഹരിക്കുന്നതിനു ഹർജിക്കാരോടും ബഹു.ഹൈക്കോടതി 03.04.2025 ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ നിർദ്ദേശിച്ചിരുന്നു. ഇതിൻറെ ഭാഗമായി തൃശ്ശൂർ കോർപ്പറേഷൻ കൗൺസിൽ ഹൈ ലെവൽ കമ്മറ്റി രൂപീകരിക്കുന്നതിന് കോർപ്പറേഷൻ കൗൺസിലിന്റെ 20.05.2025 തീയ്യതിയിലെ യോഗത്തിലെ 2/1 -ാം നമ്പർ തീരുമാനം പ്രകാരം തീരുമാനമെടുക്കുകയും കമ്മറ്റി അംഗങ്ങളെ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് കമ്പനി പ്രതിനിധികളുമായി 05.06.2025 തീയതിയിൽ ബഹു. മേയറുടെ ചേംബറിൽ ചർച്ച നടത്തുകയും ചെയ്തിട്ടുള്ളതാണ്. ചർച്ചയിലെ തീരുമാന പ്രകാരം കമ്പനി പ്രതിനിധികളെ നിശ്ചയിച്ച് 10.06.2025 തീയ്യതിയിൽ കമ്പനി അറിയിപ്പ് നൽകിയിട്ടുള്ളതാണ്. കോർപ്പറേഷൻ പ്രതിനിധികളെ നിശ്ചയിച്ച് 18.06.2025 തീയതിയിൽ ബഹു. മേയർ ഫയൽ കുറിപ്പ് നൽകിയിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ തർക്ക പരിഹാരത്തിനായി കരാർ പ്രകാരമുള്ള ഹൈലെവൽ കമ്മറ്റി രൂപീകരിച്ച് ബഹു.ഹൈക്കോടതി വിധി നടപ്പിലാക്കിയിട്ടുള്ളതുമാണ് .പുതിയ ഭരണ സമിതി നിലവിൽ വന്ന സാഹചര്യത്തിൽ , പുതിയ ഭരണ സമിതി അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടും ഹൈലെവൽ കമ്മറ്റിയിലെ ജിയോ ഡിജിറ്റൽ ഫൈബർ പ്രൈ.ലിമിറ്റഡ് പ്രതിനിധികളെ നിലനിർത്തികൊണ്ടും ഹൈലെവൽ കമ്മറ്റി പുനർ രൂപീകരിക്കേണ്ടതുണ്ട് . അത് പ്രകാരം പുതിയ ഭരണസമതി അംഗങ്ങളെ ഉൾപ്പെടുത്തി കൊണ്ടുള്ള ഹൈലെവൽ കമ്മിറ്റി താഴെ പറയും പ്രകാരം രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

| ക്രമ നമ്പർ | പേര് | തസ്തിക | റിമാർക്സ് |
|---|---|---|---|
| 1 | ശ്രീമതി . ഡോ നിജി ജെസ്റ്റിൻ | മേയർ | തൃശ്ശൂർ കോർപ്പറേഷൻ |
| 2 | ശ്രീ .ടി. ആർ സന്തോഷ് | ചെയർപേഴ്സൺ പൊതുമരാമത്ത് കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി | തൃശ്ശൂർ കോർപ്പറേഷൻ |
| 3 | ശ്രീ .ടി. ആർ. ഹിരൺ | കൌൺസിലർ | തൃശ്ശൂർ കോർപ്പറേഷൻ |

| | | | |
|---|---|---|---|
| 4 | ശ്രീ ഷിബു വി പി | സെക്രട്ടറി | തൃശ്ശൂർ കോർപ്പറേഷൻ |
| 5 | ശ്രീമതി. ഷൈബി ജോർജ്ജ് | സൂപ്രണ്ടിംഗ് എഞ്ചിനീയർ | തൃശ്ശൂർകോർപ്പറേഷൻ |
| **6** | ശ്രീ അഡ്വ. ഹരിദാസ് | കോർപ്പറേഷൻ വക്കീൽ | തൃശ്ശൂർ കോർപ്പറേഷൻ |
| 7 | ശ്രീ അനോഷ് കുരിയൻ | STATE LEAD -ROW | JIO DIGITAL FIBRE (P) Ltd |
| 8 | ശ്രീ വിനോദ് എ നായർ | STATE LEAD -ROW | JIO DIGITAL FIBRE (P) Ltd |
| 9 | ശ്രീ ഏ ആർ ശങ്കർ | STATE LEGAL HEAD | JIO DIGITAL FIBRE (P) Ltd |
| 10 | ശ്രീ കൃഷ്ണദാസ് | FTT x MP CONSTRUCTION LEAD | JIO DIGITAL FIBRE (P) Ltd |
| 11 | ശ്രീ ആഷിക് | RoW MANAGER | JIO DIGITAL FIBRE (P) Ltd |

65. **വിഷയം (ഫയൽ നമ്പർ - 540571-2026)**

തൃശ്ശൂർ കോർപ്പറേഷൻ - വിൽവട്ടം സോണൽ - കോടതിയുടെ പരിഗണനയിലുള്ള കേസിൽ കരാറുകാരന് തുക അനുവദിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ വിൽവട്ടം സോണൽ പരിധിയിൽ വരുന്ന Restoration works at francis road , Kadavil road and orthodox church road in division 06 ' എന്ന പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ.ലിജോ ജോസ് , തട്ടിൽ വീട് , തലോർ എന്നവർ മേൽ പ്രവർത്തി പൂർത്തീകരിച്ചതിനുശേഷം ടിയാന് തുക ലഭിച്ചില്ലെന്ന് പരാതിപ്പെട്ടു ബഹു. ഹൈക്കോടതി മുമ്പാകെ WP(c) 21110/2025 നമ്പർ പ്രകാരം കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട PW1-24390/09 , dtd. 28/07/2010 നമ്പർ ഫയൽ എഞ്ചിനീയറിംഗ് സെക്ഷനിൽ നിന്നും കണ്ടെത്താൻ സാധിക്കാത്തതിനാൽ കോർപ്പറേഷന്റെ മറ്റ് സെക്ഷൻ ഓഫീസുകളിലും പരിശോധിക്കാൻ SEARCH MEMO നൽകിയെങ്കിലും മേൽ ഫയൽ ലഭിച്ചിട്ടില്ലാത്തതാണ്.
ബഹു.ഹൈക്കോടതിയുടെ ഉത്തരവ് നടപ്പിലാക്കാനുള്ള ബാധ്യത നഗരസഭയ്ക്കുള്ളതിനാൽ പ്രസ്തുത പ്രവൃത്തിയുടെ ഫയലിലെ ഏതാനും രേഖകളുടെ പകർപ്പുകൾ കരാറുകാരനെ നേരിൽ കേട്ട വേളയിൽ നിർദ്ദേശിച്ച പ്രകാരം പരാതിക്കാരനായ കരാറുകാരൻ തന്നെ ഓഫീസിൽ ഹാജരാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ടി രേഖകൾ പരിശോധിച്ചിട്ടുള്ളതാണ്. പ്രവൃത്തിയുടെ Payment ന് അടിസ്ഥാനപരമായി Agreement , agreement schedule ,Mbook പ്രവൃത്തിയുടെ ഒറിജിനൽ ബിൽ, ഒറിജിനൽ Mbook ഇവയാണ് ആവശ്യമായുള്ളത്. എന്നാൽ ഇവയൊന്നും നിലവിൽ ലഭ്യമായിട്ടില്ല. കരാറുകാരൻ സമർപ്പിച്ച ഡോക്യുമെന്റ്സ് പരിശോധിച്ചതിൽ 24/10/2009 മുതൽ 12/08/2011 വരെയുള്ള നോട്ട് ഫയലിന്റെ ഫോട്ടോകോപ്പിയും 7604.60 Kg ബിറ്റുമിൻ ഇഷ്യൂ ചെയ്തതായുള്ള Receipt പകർപ്പ് , TS അനുമതിയുള്ള എസ്റ്റിമേറ്റ് പകർപ്പ് , site പ്ലാൻ പകർപ്പ് ,വിവിധ കൗൺസിൽ നടപടികളുടെ അംഗീകാരത്തിന്റെ പകർപ്പ്,Tender നോട്ടീസ്, ടെൻഡർ Schedule എന്നിവയുടെ പകർപ്പ് ,Negotiation നോട്ടീസിന്റെയും നെഗോഷ്യേഷൻ നല്കിയതിന്റെയും പകർപ്പ്, എഗ്രിമെന്റിന്റെ അനുബന്ധം ആയിട്ടുള്ള സ്പെഷ്യൽ കാണ്ടിഷൻസിന്റെ പകർപ്പ്, വർക്ക് ഓർഡറിന്റെ പകർപ്പ് , 06/05/2011, 18/07/2011 തീയ്യതികളിൽ കരാറുകാരന് പ്രവൃത്തി പൂർത്തിയാക്കാത്തതിന് നൽകിയ നോട്ടീസ് പകർപ്പുകൾ , 30/05/2011 ലെ കരാറുകാരന്റെ പ്രവൃത്തി തുടങ്ങാത്തതിന്റെ വിശദീകരണം , bill copy തയാറാക്കിയതിന്റെ പകർപ്പ്, comparative statement പകർപ്പ് (signed only by AE), എം ബുക്ക് measurement പകർപ്പ് , എന്നിവയാണ് സമർപ്പിക്കപ്പെട്ട പകർപ്പുകളായുള്ളത്. ബിറ്റുമിൻ Deptly 7604.60kg (61.8 kg x 4 barrel ) നൽകിയതായാണ് കാണുന്നത് . മേൽപ്പറഞ്ഞ രേഖകൾ പ്രകാരം പ്രസ്തുത പ്രവൃത്തിക്കായി Agreement No. 258/10-11 Dtd 14/12/10 പ്രകാരം ശ്രീ.ലിജോ ജോസ് എന്നവരുമായി കാരാറിൽ ഏർപ്പെട്ടിട്ടുള്ളതായും കാണുന്നുണ്ട്. Agreed PAC (Amount of Contract) 4,61,635/- ആണ്. 10% above നിരക്കിലാണ് ടെൻഡർ quote ചെയ്തിട്ടുള്ളത്. കരാറുകാരൻ പ്രവൃത്തി സമയബന്ധിതമായി തുടങ്ങിയിട്ടില്ലാത്തതും ടിയാനെതിരെ നിയമ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചുകൊണ്ട് 3 തവണ നോട്ടീസ് നല്കുകയുമുണ്ടായിട്ടുണ്ട്. എന്നാൽ തന്റെ ഇടതു കണ്ണിന് ചികിത്സ ആവശ്യം വന്നതിനാലാണ് പ്രവൃത്തി സമയബന്ധിതമായി തുടങ്ങാൻ കഴിയാതിരുന്നത് എന്നു കരാറുകാരൻ വിശദീകരണം സമർപ്പിച്ചിട്ടുമുള്ളതായി കാണുന്നു. പ്രവൃത്തി സമയബന്ധിതമായി സ്റ്റാർട്ട് ചെയ്യാത്തതിനാൽ fine ഈടാക്കി കാലാവധി 27/12/2011 വരെ നീട്ടുന്നതിന് വേണ്ട നടപടികൾക്കായി നിർദ്ദേശം ഉള്ളതായി കാണുന്നുവെങ്കിലും ശേഷമുള്ള നടപടികൾ ലഭ്യമല്ലാത്തതാണ്. MBOOK പേജുകൾ പരിശോധിച്ചതിൽ നിന്നും 02/11/2011 ൽ പ്രവൃത്തിയുടെ ആദ്യ അളവുകൾ രേഖപ്പെടുത്തിയതായി കാണുന്നു. അവസാന അളവുകൾ 27.11.2011 തിയ്യതിയിൽ പൂർത്തീകരിച്ചതായി കണക്കാക്കാവുന്നതാണ്. കുഴികൾ (pot Holes ) അടച്ചു 708.10 മീറ്റർ നീളത്തോളം വിവിധ ലേനുകളിലായി റീടാറിങ് പ്രവൃത്തിയാണ് കരാറുകാരൻ ചെയ്തിരിക്കുന്നത്. ചെയ്തിട്ടുള്ള ഏരിയ 2515.60 m 2 ആയി എം ബുക്കിൽ

രേഖപെടുത്തിട്ടിട്ടുള്ളതായി കാണുന്നു. AE/AEE തയാറാക്കിയ ബിൽ കോപ്പിയുടെ പകർപ്പ് അനുസരിച്ചു പ്രവൃത്തിയുടെ മൂല്യം 4,05,562.41/- ആയി കാണുന്നു. ആയതിൽ Deptl cost of Bitumen , ടെൻഡർ excess, മറ്റു കിഴിവുകൾ (IT , K VAT,cess, KCWWF, Cost of empty barrel etc ) എന്നിവയ്ക്കു ശേഷം കരാറുകാരന് നൽകേണ്ട തുക 2,10,100.28/- എന്നിവയായി കാണിച്ചിരിക്കുന്നു. എന്നാൽ ToC extend ചെയ്തതിന്മേൽ fine impose ചെയ്യുകയോ അധികമായി അനുവദിച്ച ( ബിറ്റുമിൻ (ഉപയോഗത്തിന് ശേഷം അധികം വന്ന bitumen)ന്റെ വില പിടിച്ചതായോ calculations DB പരിശോധിച്ചതായോ കാണുന്നില്ല.മേൽ സാഹചര്യത്തിൽ ബഹു. ഹൈക്കോടതിയുടെ വിധി പാലിക്കുന്നതിലേക്കായി അഡ്മിറ്റഡ് തുകയായ 21,10,100.28/- നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും കരാറുകാരന് അനുവദിക്കുന്നതിന് അംഗീകരിച്ചു തീരുമാനിച്ചു. തുക നൽകുന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ഓഡിറ്റ് ബാധ്യത ഉണ്ടാകുകയാണെങ്കിൽ ആയത് യഥാസമയം ബിൽ തയ്യാറാക്കി തുക അനുവദിക്കുന്നതിന് വീഴ്ച്ച വരുത്തിയ ഉദ്യോഗസ്ഥരുടെ മാത്രം ബാധ്യതയായിരിക്കുന്നതാണ്. ഇത് സംബന്ധിച്ച് കാലതാമസം വരുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

66. **വിഷയം (ഫയൽ നമ്പർ - 1951557-2024)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ശക്തൻ നഗർ ഏരിയയുടെ ലോക്കൽ ഏരിയ പ്ലാൻ (LAP) തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സർവേ നടത്തുന്നത്- ULCCS ഒഴിവാക്കുന്നതും പുതിയ നിർവഹണ ഏജൻസിയെ നിയോഗിക്കുന്നതും- സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ 24/01/2026 തിയതിയിലെ LSGD/JD/TSR/6071/2023 N2 ULCCS ന് നൽകിയ നമ്പർ കത്തു പ്രകാരം ചീഫ് ടൌൺപ്ലാനർ അംഗീകരിച്ച പ്രകാരം തൃകക്ഷി ഉടമ്പടിയിൽ ഏർപ്പെടാത്തതിന്റെ കാരണവും, സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ളതും ചീഫ് ടൌൺ പ്ലാനർ കരട് ഉടമ്പടിയിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതുമായ IKM മേൽനോട്ടത്തിലുള്ള നിബന്ധന തൃകക്ഷി ഉടമ്പടിയിൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല എന്ന് ULCCS ൻറെ പ്രതിനിധികൾ വാക്കാൽ അറിയിച്ചിരുന്നതിനാലും ULCCS ന് നൽകിയിട്ടുള്ള വർക്ക് ഓർഡർ റദ്ദാക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ ചീഫ് ടൌൺ പ്ലാനർ തൃശൂർ ജില്ലാ ടൌൺപ്ലാനറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റദ്ദാക്കാതിരിക്കാനുള്ള കാരണം ബോധിപ്പിക്കുവാൻ മേൽപ്പറയുന്ന കത്തിലൂടെ ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. മേൽ സാഹചര്യത്തിൽ കേരള സംസ്ഥാന അമൃത് മിഷൻ ഡയറക്ടറുടെയും മുഖ്യ നഗരാസൂത്രണ പ്ലാനറുടെയും നിർദേശ പ്രകാരം , നഗരസഭയും ജില്ലാ ടൌൺ പ്ലാനറും ULCCS ഉം ഉൾപ്പെട്ട ത്രികക്ഷി ഉടമ്പടിയിൽ ഏർപ്പെടുവാൻ നഗരസഭാ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ള 29/09/2025 തിയ്യതിയിലെ 20-ാം നമ്പർ നഗരസഭാ കൌൺസിൽ തീരുമാനം റദ്ദാക്കുവാൻ തീരുമാനിച്ചു.
   പ്രസ്തുത പ്രവൃത്തി ദേശീയ നിലവാരത്തിലുള്ള CENTRE OF EXCELLENCE ആയ SCHOOL OF PLANNING AND ARCHITECTURE , BHOPAL എന്ന സ്ഥാപനത്തെ ഏൽപ്പിക്കുവാൻ തീരുമാനിച്ചു. ഇതിനായി തൃശ്ശൂർ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗം ജില്ലാ ടൌൺ പ്ലാനറെ സാങ്കേതിക ഉപദേഷ്ടാവായും IMPLEMENTING OFFICER ആയും ചുമതലപ്പടുത്തി തീരുമാനിച്ചു.

67. **വിഷയം (ഫയൽ നമ്പർ - 1951557-2024)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ശക്തൻ നഗർ ഏരിയയുടെ ലോക്കൽ ഏരിയ പ്ലാൻ (LAP) തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പുതിയ സ്പെഷ്യൽ കമ്മിറ്റി - സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ശക്തൻ നഗർ ഏരിയയുടെ ലോക്കൽ പ്ലാൻ (LAP) തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തികളുടെ മേൽനോട്ടത്തിനും തൃശ്ശൂർ നഗര സഭ കൌൺസിലിന് വേണ്ടുന്ന ശുപാർശകൾ നൽകുവാനും കേരള നഗര ഗ്രാമസൂത്രണനിയമം 2016 സെക്ഷൻ 32 പ്രകാരം താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി സ്പെഷ്യൽ കമ്മിറ്റി രൂപീകരിച്ചു തീരുമാനിച്ചു.
   1.ശ്രീമതി. Dr.നിജി ജസ്റ്റിൻ, മേയർ
   2.ശ്രീ. എ. പ്രസാദ്, ഡെപ്യൂട്ടി മേയർ
   3.ശ്രീ. T.R.സന്തോഷ്, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
   4.ശ്രീമതി.വില്ലി ജിജോ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
   5.ശ്രീ.ജേക്കബ് പുലിക്കോട്ടിൽ,ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
   6.ശ്രീമതി . ഷീന ചന്ദ്രൻ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
   7.ശ്രീമതി .കരോളി ജോഷ്വ , നഗരാസൂത്രണ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
   8.ശ്രീമതി .മേഫി ഡെൽസൺ , വിദ്യാഭ്യാസ കായിക കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
   9.ശ്രീ.കെ ഗോപാലകൃഷ്ണൻ ,നികുതി അപ്പീൽ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
   10.ശ്രീമതി.വിൻഷി അരുൺകുമാർ, കൌൺസിലർ
   11.ശ്രീമതി.പൂർണ്ണിമ സുരേഷ്,കൌൺസിലർ

12.ശ്രീമതി.മുംതാസ് ചിഞ്ചു,കൌൺസിലർ
13.ശ്രീ.ടി .ആർ ഹിരൺ,കൌൺസിലർ
14.ശ്രീ.രഘുനാഥ്.സി .മേനോൻ, കൌൺസിലർ
15.ശ്രീ.ഷിബു.വി.പി, കോർപ്പറേഷൻ സെക്രട്ടറി
16.ശ്രീമതി.ഷൈബി ജോർജ്, സൂപ്രണ്ടിംഗ് എഞ്ചിനീയർ
17.ജില്ലാ ടൌൺ പ്ലാനർ
18.അസി.ടൌൺ പ്ലാനർ
19.ഡെപ്യൂട്ടി ടൌൺ പ്ലാനർ
20.ശ്രീ.മഹേന്ദ്ര പി.എ, അസി എഞ്ചിനീയർ,തൃശ്ശൂർ കോർപ്പറേഷൻ
ശക്തൻ നഗർ ലോക്കൽ ഏരിയ പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പുരോഗതി വിലയിരുത്തി കൌൺസിൽ തീരുമാനങ്ങൾക്കായി ശുപാർശകൾ സമർപ്പിക്കുവാൻ ഇതിനായി ബന്ധപ്പെട്ടു പുരോഗതി വിലയിരുത്തുന്നതിനായി മേൽ രൂപീകരിച്ച സ്പെഷ്യൽ കമ്മിറ്റിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

68. **വിഷയം (ഫയൽ നമ്പർ - 6636055-2025)**

തൃശൂർ മുനിസിപ്പൽ കോർപ്പറേഷൻ - നഗരാസൂത്രണ വിഭാഗം - ഒല്ലൂക്കര വില്ലേജിൽ സർവ്വേ നമ്പർ 489 ൽ ഉൾപ്പെടുന്ന 5 കുടുംബങ്ങളുടെ - പട്ടയം അപേക്ഷ - സംബന്ധിച്ച്.

**തീരുമാനം**

1. തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ഒല്ലൂർ വില്ലേജിൽ സർവ്വേ നമ്പർ 489 ൽ ഉൾപ്പെടുന്ന താഴെ പറയുന്ന 5 കുടുംബങ്ങളുടെ പട്ടയം നൽകുന്നതിനു വേണ്ടി തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിൽ നിന്ന് നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നതിന് തീരുമാനിച്ചു.
1)കാർത്ത്യായനി
തൃശ്ശൂർ കോർപ്പറേഷൻ ഒല്ലുക്കര വില്ലജ് സർവ്വേ നമ്പർ 489 യിൽ 1.90 Aresഉൾപ്പെട്ട സ്ഥലം 14 ഡിവിഷൻ ലെ സുഭാഷ് നഗർ കോളനിയിലെ revenue പുറമ്പോക്കിൽ പെട്ട സ്ഥലമാണ്, അപേക്ഷകയായ കാർത്യായനി വെള്ളങ്കല്ലുക്കാരൻ 1997 മുതൽ കൈവശം വച്ച് വരുന്നതായി revenue വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള വീട് ഏകദേശം 26.07m2 Area വരുന്നുണ്ട് ,വീട് നമ്പർ ലഭ്യമല്ല.ടി ഭൂമി തൃശൂർ corporation ന്റെ മറ്റു വികസനങ്ങൾക്ക് ആവശ്യമായി വരുന്നില്ലടിയാന് സ്വന്തമായി മറ്റു ഭൂമികൾ ഉണ്ടോ എന്ന് കണ്ടെത്താൻ സാധിച്ചിട്ടില്ല , ആയതിനു revenue വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.ടി വിഷയത്തിൽ 489 സർവ്വേ നമ്പർ ഭൂമി അളന്നു തിട്ടപെടുത്തി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ പരിശോധിച്ചു ബഹു ;തൃശൂർ corporation കൌൺസിൽ മുൻപാകെ സമർപ്പിക്കാവുന്നതും, തുടർന്ന് revenue വകുപ്പിലക്ക് പുനർ നിക്ഷിപ്തമാക്കുന്നതിനുമുള്ള കൌൺസിൽ തീരുമാനം ലഭ്യമാകുന്ന മുറക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ് എഞ്ചീനിയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നതിന് തീരുമാനിച്ചു.
(2)സദ്ധീർ
തൃശ്ശൂർ corporationഒല്ലുക്കര വില്ലജ് സർവ്വേ നമ്പർ 489 ഇൽ 1.21 Aresഉൾപ്പെട്ട സ്ഥലം 14 ഡിവിഷൻ ലെ സുഭാഷ് നഗർ കോളനിയിലെ revenue പുറമ്പോക്കിൽ പെട്ട സ്ഥലമാണ് ,അപേക്ഷകനായ സദ്ധീർ കറുപ്പം വീട്ടിൽ 2001 മുതൽ കൈവശം വച്ച് വരുന്നതായി revenue വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ,നിലവിലുള്ള വീട് ഏകദേശം 35 m2 Area വരുന്നുണ്ട് ,വീട് നമ്പർ ലഭ്യമല്ല ടി ഭൂമി തൃശൂർ കോർപ്പറേഷൻ ന്റെ മറ്റു വികസനങ്ങൾക്ക് ആവശ്യമായി വരുന്നില്ലടിയാന് സ്വന്തമായി മറ്റു ഭൂമികൾ ഉണ്ടോ എന്ന് കണ്ടെത്താൻ സാധിച്ചിട്ടില്ല ,ആയതിനു revenue വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്ടി വിഷയത്തിൽ 489 സർവ്വേ നമ്പർ ഭൂമി അളന്നു തിട്ടപെടുത്തി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ പരിശോധിച്ചു ബഹു ;തൃശൂർ corporation കൌൺസിൽ മുൻപാകെ സമർപ്പിക്കാവുന്നതും ,തുടർന്ന് revenue വകുപ്പിലക്ക് പുനർ നിക്ഷിപ്തമാക്കുന്നതിനുമുള്ള കൌൺസിൽ തീരുമാനം ലഭ്യമാകുന്ന മുറക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ് ,എഞ്ചീനിയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്യതിട്ടുണ്ട്.മേൽ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നിരാക്ഷിക പത്രം നൽകുന്നതിന് തീരുമാനിച്ചു
.
(3)സുഭാഷ്,രേഖ
തൃശ്ശൂർ corporationഒല്ലുക്കര വില്ലജ് സർവ്വേ നമ്പർ 489 ഇൽ 1.68 Aresഉൾപ്പെട്ട സ്ഥലം 14 ഡിവിഷൻ ലെ സുഭാഷ് നഗർ കോളനിയിലെ revenue പുറമ്പോക്കിൽ പെട്ട സ്ഥലമാണ് ,അപേക്ഷകരായ സുഭാഷ് ,രേഖ സുഭാഷ് ,അയ്യത് ഹൌസ് എന്നവർ 2004 മുതൽ കൈവശം വച്ച് വരുന്നതായി revenue വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ,നിലവിലുള്ള വീട്ഏകദേശം 267.30 m2 Area വരുന്നുണ്ട് ,വീട് നമ്പർ ലഭ്യമല്ലടി ഭൂമി തൃശൂർ corporation ന്റെ മറ്റു വികസനങ്ങൾക്ക് ആവശ്യമായി വരുന്നില്ലടിയാന് സ്വന്തമായി മറ്റു ഭൂമികൾ ഉണ്ടോ എന്ന് കണ്ടെത്താൻ സാധിച്ചിട്ടില്ലആയതിനു revenue വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്ടി വിഷയത്തിൽ 489 സർവ്വേ നമ്പർ ഭൂമി അളന്നു തിട്ടപെടുത്തി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ പരിശോധിച്ചു ബഹു ;തൃശൂർ corporation കൌൺസിൽ മുൻപാകെ സമർപ്പിക്കാവുന്നതും ,തുടർന്ന് revenue വകുപ്പിലക്ക് പുനർ നിക്ഷിപ്തമാക്കുന്നതിനുമുള്ള കൌൺസിൽ തീരുമാനം ലഭ്യമാകുന്ന മുറക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ് ,എഞ്ചീനിയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്യതിട്ടുണ്ട്.മേൽ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽനിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നതിന് തീരുമാനിച്ചു.

(4)നുസൈബ

തൃശ്ശൂർ കോർപ്പറേഷൻ ഒല്ലൂക്കര വില്ലജ് സർവ്വേ നമ്പർ 489 ഇൽ 1.92 Aresഉൾപ്പെട്ട സ്ഥലം 14 ഡിവിഷൻ ലെ സുഭാഷ് നഗർ കോളനിയിലെ revenue പുറമ്പോക്കിൽ പെട്ട സ്ഥലമാണ് ,അപേക്ഷകയായ നുസൈബ വലിയകത്ത് ഹൌസ് എന്നയാൾ 2004 മുതൽ കൈവശം വച്ച് വരുന്നതായി revenue വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ,നിലവിലുള്ള വീട്ഏകദേശം 57.68 m2 Area വരുന്നുണ്ട് ,വീട് നമ്പർ ലഭ്യമല്ല .ടി ഭൂമി തൃശൂർ corporation ന്റെ മറ്റു വികസനങ്ങൾക്ക് ആവശ്യമായി വരുന്നില്ലടിയാന് സ്വന്തമായി മറ്റു ഭൂമികൾ ഉണ്ടോ എന്ന് കണ്ടെത്താൻ സാധിച്ചിട്ടില്ല ,ആയതിനു revenue വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്ടി വിഷയത്തിൽ 489 സർവ്വേ നമ്പർ  ഭൂമി അളന്നു തിട്ടപെടുത്തി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ  പരിശോധിച്ചു ബഹു ;തൃശൂർ corporation കൌൺസിൽ മുൻപാകെ സമർപ്പിക്കാവുന്നതും ,തുടർന്ന് revenue വകുപ്പിലക്ക് പുനർ നിക്ഷിപ്തമാക്കുന്നതിനുമുള്ള കൌൺസിൽ തീരുമാനം ലഭ്യമാകുന്ന മുറക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ് ,എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്യതിട്ടുണ്ട്.മേൽ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നതിന്  തീരുമാനിച്ചു.

(5 )ജാസ്മിൻ

തൃശ്ശൂർ corporationഒല്ലൂക്കര വില്ലജ് സർവ്വേ നമ്പർ 489 ഇൽ 1.21 Aresഉൾപ്പെട്ട സ്ഥലം 14 ഡിവിഷൻ ലെ സുഭാഷ് നഗർ കോളനിയിലെ revenue പുറമ്പോക്കിൽ പെട്ട സ്ഥലമാണ് ,അപേക്ഷകയായ ജാസ്മിൻ പുതിയവീട്ടിൽ 2007 മുതൽ കൈവശം വച്ച് വരുന്നതായി revenue വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ,നിലവിലുള്ള വീട് ഏകദേശം 59.94 m2 Area വരുന്നുണ്ട് ,വീട് നമ്പർ ലഭ്യമല്ലടി ഭൂമി തൃശൂർ കോർപ്പറേഷൻ ന്റെ മറ്റു വികസനങ്ങൾക്ക് ആവശ്യമായി വരുന്നില്ലടിയാന് സ്വന്തമായി മറ്റു ഭൂമികൾ ഉണ്ടോ എന്ന് കണ്ടെത്താൻ സാധിച്ചിട്ടില്ല ,ആയതിനു revenue വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്ടി വിഷയത്തിൽ 489 സർവ്വേ നമ്പർ  ഭൂമി അളന്നു തിട്ടപെടുത്തി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ  പരിശോധിച്ചു ബഹു ;തൃശൂർ corporation കൌൺസിൽ മുൻപാകെ സമർപ്പിക്കാവുന്നതും ,തുടർന്ന് revenue വകുപ്പിലക്ക് പുനർ നിക്ഷിപ്തമാക്കുന്നതിനുമുള്ള കൌൺസിൽ തീരുമാനം ലഭ്യമാകുന്ന മുറക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ് ,എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്യതിട്ടുണ്ട്.മേൽ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നതിന്  തീരുമാനിച്ചു.

01:15 PMന് യോഗം അവസാനിച്ചു

Dr Niji Justin
Mayor